# ഇടശ്ശേരി ജന്മശതാബ്ദി ദേശീയ സെമിനാർ തുഞ്ചൻപറമ്പിൽ

**(2006 ഫെബ്രുവരി 1 മുതൽ 3 വരെ)**

ഇ. മാധവൻ

മൂന്നുനാൾ നീണ്ടുനിന്ന ഇടശ്ശേരി ജന്മശതാബ്ദി പരിപാടികളോടെയാണ് സഹൃദയർ 2006 ഫെബ്രുവരി 1 മുതൽ 5 വരെ തുഞ്ചൻ ഉത്സവം ആഘോഷിച്ചത്. കേന്ദ്രസാഹിത്യഅക്കാദമിയുടെയും, ഇടശ്ശേരി സ്മാരക സമിതിയുടെയും തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഇടശ്ശേരി ജന്മശതാബ്ദി സെമിനാർ മഹത്തായ തുഞ്ചൻ ഉത്സവത്തിന്റെ മുഖ്യഭാഗമായത്. സെമിനാറുകൾ, കൂട്ടുകൃഷി നാടകത്തിന്റെ രംഗാവിഷ്കരണം, ഇടശ്ശേരിക്കവിതകളുടെ ആലാപനം, പൂതപ്പാട്ടിന്റെ രണ്ടുതരത്തിലുള്ള അവതരണം – മോഹിനിയാട്ടം, നാടൻനൃത്തരൂപം, കഴിഞ്ഞില്ല മാനവികതയുടെ ജീവവായു ഇടശ്ശേരിയിൽ നിന്ന് എക്കാലവും ആർജ്ജിച്ചുവരുന്ന അനേകം പേരുടെ കൂട്ടായ്മയുടെ മാധുര്യം – ഇതെല്ലാം ഇടശ്ശേരി ജന്മശതാബ്ദി ആഘോഷത്തെ ഒരു ആയുഷ്ക്കാലാനുഭവം ആക്കി മാറ്റി. ഇടശ്ശേരിക്കവിത പരിണാമകാലം, ഇടശ്ശേരിക്കവിത, ഇടശ്ശേരിശൈലി. ഇടശ്ശേരിക്കവിത: സാംസ്ക്കാരിക സന്ദർഭം, ഇടശ്ശേരിക്കളിയരങ്ങ്, ഇടശ്ശേരിയുടെ ലോകബോധം, ഇടശ്ശേരിയുടെ ഗദ്യം, ഇടശ്ശേരി – കവിയും വ്യക്തിയും എന്നിങ്ങനെ ഇടശ്ശേരി സാഹിത്യത്തിന്റെ നാനാമണ്ഡലങ്ങളെ സൂക്ഷ്മമായി വിശ്ലേഷണം ചെയ്തു കൊണ്ടുള്ള കനപ്പെട്ടതും ഉൾക്കാഴ്ചയാൽ വിസ്മയിപ്പിക്കുന്നവയുമായ പ്രബന്ധങ്ങൾ മൂന്നുദിവസം തുടർന്ന സെമിനാറുകളിൽ അവതരിക്കപ്പെട്ടു. ചിന്താപരമെങ്കിലും വൈകാരികതയാൽ ബന്ധുരമായ ഈ മൂന്നു നാൾകളിൽ, തുഞ്ചൻ സ്മൃതിയുടെ സവിശേഷ പ്രഭാവമാർന്ന അന്തരീക്ഷത്തിൽ, മുഴങ്ങിക്കേട്ട വിചാരധാരകളെ പിന്തുടരാനുള്ള ശ്രമമാണ് ഈ ലേഖനം. പ്രബന്ധങ്ങളുടെ ആധികാരികമായ കോപ്പികൾ ആസ്പദിച്ചല്ല, ലേഖനകർത്താവ് സ്വന്തം പരിമിതികൾ വെച്ച് മനസ്സിലാക്കിയെടുത്ത ആശയങ്ങളാണ് ഇവ. അതാത് പ്രബന്ധാവതാരകർ ചൂണ്ടിക്കാണിക്കുന്ന തിരുത്തലുകൾക്ക് വിധേയമാണ് ഈ റിപ്പോർട്ട്.

ഇടശ്ശേരി ജന്മശതാബ്ദി സെമിനാർ മഹാകവി അക്കിത്തത്തിന്റെ അദ്ധ്യക്ഷതയിൽ ശ്രീ ഇന്ദ്രനാഥ് ചൌധരി ആണ് ഉൽഘാടനം ചെയ്തത്. ശ്രീ സുകുമാർ അഴിക്കോട് മുഖ്യപ്രഭാഷണം നടത്തി. സ്വാഗത പ്രസംഗത്തിൽ കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറിയും പ്രസിദ്ധ കവിയുമായ ശ്രീ സച്ചിദാനന്ദൻ ഇടശ്ശേരിയുടെ കാവ്യസന്ദർഭത്തിലെ സൗന്ദര്യവും വിപ്ലവാത്മകതയും സൂചിപ്പിക്കുകയും, ഭാരതീയ സാഹിത്യം അതിന്റെ നവവസന്തത്തിൽ അഭിമുഖീകരിച്ച സമസ്യകളെ തന്നെയാണ് ഇടശ്ശേരിയുടെ ധിഷണയും അഭിസംബോധന ചെയ്തതെന്ന് നിരീക്ഷിക്കുകയും ചെയ്തു. മുപ്പതുകളിൽ ശക്തിയാർജ്ജിച്ചു വന്ന കമ്യൂണിസ്റ്റ് ആശയങ്ങളും, സ്വരക്ഷക്കുവേണ്ടി ഹിംസ അനിവാര്യമാകും എന്ന തിരിച്ചറിവും ഉൾക്കൊണ്ട ഇടശ്ശേരി ആത്യന്തികമായി ഗാന്ധിയനായിരുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇടശ്ശേരി കവിതയുടെ മൗലികസ്വഭാവങ്ങളായി സച്ചിദാനന്ദൻ ദർശിച്ചത് അടിസ്ഥാനവർഗ്ഗാവബോധം, സ്ത്രീത്വബോധത്തിന്റെ ആദിമ ജാഗ്രതകൾ, പ്രകൃതിയോടുള്ള ആഭിമുഖ്യം ഇവയായിരുന്നു. ധാരാളം ഉദാഹരണങ്ങളോടെ സച്ചിദാനന്ദൻ ഈ മൗലികസ്വഭാവങ്ങൾ വ്യക്തമാക്കി. വൃത്തസ്വാതന്ത്രത്തിൽ ചില ആദ്യപരിക്ഷണങ്ങൾ നടത്തി യുവകവികൾക്ക് ഒരു പുതിയ മാർഗ്ഗം കാട്ടിക്കൊടുക്കുകയും ചെയ്തു ഇടശ്ശേരി.

സെമിനാർ ഉൽഘാടനം ചെയ്തു പ്രസംഗിച്ച ശ്രീ ഇന്ദ്രനാഥ് ചൌധരി റൊമാന്റിസിസത്തിൽ നിന്ന് റിയലിസത്തിലേക്കുള്ള കവിതയുടെ മാറ്റത്തിൽ ഇടശ്ശേരിയുടെ പങ്കിനെ അടിവരയിട്ടു. സോഷ്യലിസം, ഗാന്ധിസം, ദേശസ്നേഹം എന്നീ മാനങ്ങൾ അക്കാലത്തെ കവികൾ സ്വന്തം കൃതികളിൽ ഉൾച്ചേർത്തു. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തോട് സാഹിത്യകാരൻമാർ സംവദിക്കാതിരുന്നതും തുടർന്നുണ്ടായ നിശ്ശബ്ദതയുടെ കാലഘട്ടവും പാശ്ചാത്യവൽക്കരിക്കപ്പെട്ട ചിന്താരീതി ഉളവാക്കിയ ആശയക്കുഴപ്പങ്ങൾ മൂലമായിരുന്നു. പത്തൊമ്പതാം ശതകത്തോടെ പക്ഷെ സാംസ്കാരികവും, സാമൂഹികവും, രാഷ്ട്രിയവുമായ അർത്ഥത്തിൽ ഒരു ഉണർവ് സാഹിത്യത്തിലെ പൊതുപ്രമേയമായി. ഇടശ്ശേരിയും ഉണർവിന്റെതായ ആ കാലഘട്ടത്തോട് പ്രതികരിക്കയാണ് ഉണ്ടായത്.

അദ്ധ്യക്ഷനായ മഹാകവി അക്കിത്തം ഇടശ്ശേരിയെ സ്മരിച്ചുകൊണ്ട് രചിച്ച രണ്ടു കവിതകൾ ചൊല്ലിയാണ് കാവ്യസപര്യയിൽ തന്റെ വഴികാട്ടിയായ ഇടശ്ശേരിയുടെ സ്മരണയെ ആദരിച്ചത്. ‘പ്രണാമപൂർവ്വം’, ‘പത്മപാദർ’ എന്നീ ശീർഷകങ്ങളിലുള്ള രണ്ട് കവിതകളും തുടർന്ന് ശ്രീ പി. കൃഷ്ണവാരിയർ ഇംഗ്ലിഷിൽ തർജ്ജമ ചെയ്ത് സദസ്സിന് ചൊല്ലികേൾപ്പിക്കുകയും ചെയ്തു.

മുഖ്യപ്രഭാഷണം നടത്തിയ ഡോ. സുകുമാർ അഴീക്കോട് ഇടശ്ശേരിക്ക് മുമ്പുണ്ടായിരുന്ന കവിതയുടെ ഉജ്ജ്വലപ്രഭാവകാലം അനുസ്മരിക്കയും തുടർന്ന വന്ന കവിതകൾ കവിത്രയത്തിന്റെ സ്വാധീനത്തെ ആദരിക്കുമ്പോൾ തന്നെ സ്വന്തം നിലപാട് വേണമെന്ന ചരിത്രബോധം സൂക്ഷിച്ചതായി അഭിപ്രായപ്പെട്ടു. ഈ സാഹിത്യകാരൻമാർ സൗമനസ്യത്തോടൊപ്പം തന്നെ പരസ്പരം കീഴടങ്ങാത്ത വ്യക്തിത്വം കൊണ്ട് തിളങ്ങുന്ന സർഗ്ഗസത്തയുടെ പ്രഭാവം പ്രസരിപ്പിക്കുകയും ചെയ്തിരുന്നു. പൊന്നാനിയിൽ ഒതുങ്ങി പുറം ലോകവുമായി വളരെ കുറച്ച് സ്പർശങ്ങൾ ഉണ്ടായിരുന്ന കാവ്യപ്രതിഭയുടെ വിശിഷ്ടമായ വ്യക്തിത്വമായിരുന്നു ഇടശ്ശേരിയുടേത്. ലോകസാഹിത്യത്തിൽതന്നെ ഇത്തരം ഉദാഹരണങ്ങൾ കുറവത്രേ. ക്ഷീരസാഗരത്തിൽ നിന്ന് അമൃത് കിട്ടുന്നപോലെയല്ല, വിയർപ്പും വ്യസനങ്ങളും നിറഞ്ഞ ചുറ്റുമുള്ള ലോകത്തെ കാണേണ്ടപോലെ കാണുക എന്ന ധർമ്മമാണ് ഈ കവി അനുഷ്ഠിച്ചത്. ആധാരമെഴുത്ത് തൊഴിലാക്കിയ ഈ കവിക്ക് സ്വന്തം കക്ഷികളുടെ ജീവിതം തന്നെയാണ് ഇതിവൃത്തത്തിനുള്ള അസംസ്കൃതവസ്തുവായി ലഭിച്ചത്. പകർത്തിയെഴുത്താണ് സ്വന്തം കർമ്മമെങ്കിലും തനിയെഴുത്താണ് കവി തന്റെ സർഗ്ഗപ്രക്രിയയിൽ അനുഷ്ഠിച്ചത്. “പറഞ്ഞു പോകരുത് ഇതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം” എന്ന് ഇടശ്ശേരി . ഇടശ്ശേരി കവിതയിൽ ഒരു ‘നാളെ’ ഉണ്ടായിരുന്നു. ഗാന്ധിജിയോടും, വാഗ്ഭടാനന്ദസ്വാമികളോടും ഇടശ്ശേരിക്കുണ്ടായിരുന്ന ആദരവ് ‘നാളെ’ എന്ന സങ്കൽപ്പത്തിന് ഈടും കൂട്ടി. “അധികാരം കൊയ്യണമാദ്യം നാം” എന്നത് ഗാന്ധിയൻ രീതിയിലുള്ള ആഹ്വാനമായി കണക്കാക്കണമെന്ന് ഡോ. അഴീക്കോട് അഭിപ്രായപ്പെട്ടു. കവിതാവിപരീതമായ ജീവിതസാഹചര്യത്തിൽ ഏറ്റവും പുഷ്ക്കലമായ കാവ്യസപര്യ നടത്തിയ കവി എന്നും, ജീവിതം കവിതപോലെ മധുരമാക്കിയ കവി എന്നും ഡോ. അഴീക്കോട് ഇടശ്ശേരിയെ കണ്ടു.

## ഇന്ത്യൻ കവിത- പരിണാമകാലം (Session I)

സ്വാഗതപ്രസംഗത്തിൽ ശ്രീ കെ. പി. രാമനുണ്ണി ഇടശ്ശേരിക്കവിതയെ ഒരു കാലഘട്ടത്തിന്റെ സൃഷ്ടിയായി കണ്ടു. ആ കാലഘട്ടം ഇന്ത്യൻ സാഹിത്യത്തിലുണ്ടാക്കിയ അനുരണനങ്ങൾ ഇടശ്ശേരിയിൽ സൃഷ്ടിച്ചത് ജ്ഞാനോദയവും ദേശീയതയുടെ വികാരവുമായിരുന്നു. സമൂഹത്തിലെ ഉണർവുകളും തളർച്ചകളും കാണുമ്പോഴും പാരമ്പര്യബോധവും ദീർഘകാലമാനങ്ങളെ പറ്റി അടിയുറച്ച വിശ്വാസവും ആ കാഴ്ചപ്പാടിനെ ബലവത്താക്കിയിരുന്നു.

ശ്രീ ഒ. എൻ. നാഗഭൂഷണസ്വാമി ഇംഗ്ലീഷിൽ തന്റെ പ്രബന്ധം അവതരിപ്പിച്ചു.

ഇടശ്ശേരിയെ പറ്റി ചുരുങ്ങിയ പരാമർശമേ കണ്ടുള്ളു എന്ന് അദ്ദേഹം തുടക്കത്തിൽ പ്രസ്താവിച്ചു. ഇടശ്ശേരിയുടെ സമകാലീനനായിരുന്ന ശ്രീ കെ.വി. പുട്ടപ്പ (കുവെമ്പു)യുമായി ഇടശ്ശേരിയുടെ കാവ്യവൃത്തിയെ താരതമ്യപ്പെടുത്തി പഠിക്കാൻ അദ്ദേഹം ശ്രമിച്ചു. ദേശീയതയുടെ പുതിയ ഉണർവ്വ് വേദപുരാണങ്ങളിൽ നിക്ഷിപ്തമായ അധികാരഘടനയെ ചോദ്യം ചെയ്തു. ‘അംബ’ എന്ന പ്രതീകം പല അവസരങ്ങളിലായി ഉയർന്നു വരുകയും ചെയ്തു. കുടിയാന്റെ കാഴ്ചപ്പാടിൽ അനുഭവവും അറിവും സ്വന്തം കവിതയിൽ ഇടശ്ശേരി വിന്യസിച്ചു. കന്നട സാഹിത്യത്തിൽ കൂവെമ്പു താദൃശമായ കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും, ഇടശ്ശേരിയുടെ അന്യാദൃശമായ വ്യക്തിത്വം ‘പുത്തൻകലവും അരിവാളും’ എന്ന കവിതയെ വ്യതിരിക്തമാക്കുന്നു.

പ്രൊഫ. അരുൺ കമൽ ഇംഗ്ലീഷിൽ നടത്തിയ പ്രസംഗത്തിൽ ഇന്ത്യൻ സമൂഹത്തെ ഉണർത്താൻ 1926-ൽ നിരാല നടത്തിയ ആഹ്വാനത്തെ പരാമർശിച്ചു. സുമിത്രാനന്ദപന്തും, ജയശങ്കർ പ്രസാദും, മഹാദേവി വർമ്മയും അടങ്ങിയ ഈ കവിതാപ്രസ്ഥാനം ദേശീയതയിൽ 1857-നെ തുടർന്നുണ്ടായ ഉണർവ്വിന്റെ മുന്നേറ്റമായി ദർശിച്ചു. മഹാദേവി വർമ്മയും സുഭദ്രാ ചൗഹാനും സ്വന്തം ജീവിതത്തിലും സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകയും, കവിതകളിലൂടെ ലിംഗ സമത്വത്തിനുവേണ്ടി വാദിക്കുകയും ചെയ്തു. മുപ്പതുകളിൽ ആരംഭിച്ച പുരോഗമന സാഹിത്യസംഘടന, ചൂഷണം നില നിൽക്കുന്ന കാലത്തോളം സ്വാതന്ത്ര്യമെന്ന സങ്കൽപ്പത്തിന്റെ അർത്ഥം തന്നെ എന്തെന്ന് ചോദ്യം ചെയ്തു. കവിതയെ മാനവതയുടെ മൂന്നാം കണ്ണ് എന്ന് മഹാദേവി വർമ്മ നിദർശിക്കുകയുണ്ടായി. ഹിന്ദി കവിതയിലെന്ന പോലെ മറ്റു ഭാഷാകവിതകളിലും ഈ പരിണാമഘട്ടം പ്രകടമായിരുന്നു. ഇവിടെയാണ് ഇടശ്ശേരിയുടെ കാവ്യസന്ദർഭം ഉരുത്തിരിഞ്ഞത്.

ശ്രീ എം. ആർ. രാഘവവാരിയർ തന്റെ പ്രബന്ധം ആരംഭിച്ചത് മുൻ പ്രാസംഗികൻ നിരീക്ഷിച്ച ഉണർവ്വിന്റെ പാരമ്പര്യത്തെ സ്പർശിച്ചു കൊണ്ടാണ്. ഈ പരിണാമഘട്ടത്തിലെ ഒരു പ്രധാന കർമ്മിയായി അദ്ദേഹം ഇടശ്ശേരിയെ കണ്ടു. മലയാള കവിതയിലെ പരിണാമത്തിന്റെ സ്വാഭാവം നിർണ്ണയിച്ചത് ആധുനികതയുടെ സംസ്ക്കാരമാണ്. ആധുനികത സർവ്വാശ്ളേഷിയായ ഒരു തരംഗമായിരുന്നു. എല്ലാ ജീവിത വ്യവഹാരങ്ങളുടേയും നേർക്ക് കുതിച്ചേറിയ വ്യവസായവൽക്കരണം, നഗരവൽക്കരണം, മുതലാളിത്തം, ജനാധിപത്യം, അണുകുടുംബം ഇവയൊക്കെയാണ് പരിണാമത്തെ നിർവ്വചിച്ച ഘടകങ്ങൾ. 1940-70 കാലഘട്ടം പരിണാമത്തിന്റെ കാലഘട്ടമായി കണക്കാക്കാം. അതിന് മുമ്പാകട്ടെ ദേശീയപ്രസ്ഥാനമായിരുന്നു പരിണാമത്തെ നിർവ്വചിച്ചത്. 1960-ൽ ദേശീയതയിൽ ഉൾച്ചേർന്ന വിപത്തിനെ കുറിച്ചും, നിരർത്ഥതകളെ കുറിച്ചും ഇടശ്ശേരിയുടെ മനസ്സ് ഉന്നിദ്രമായിരു

ന്നു.

പ്രസവിച്ചതിന്ത്യയായ്, പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടെന്നാർക്കാനു, മുടമയില്ലാത്ത ഭൂ-
പടമേലും പാഴ്‌വരക്കർത്ഥമുണ്ടോ?
എവിടെവിടങ്ങളിൽച്ചട്ടി പുറത്തെടു-
ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ
അവിടവിടങ്ങളെച്ചേർത്ത് വരക്കു കെ-
ന്നിവരുടെ രാഷ്ട്രത്തിന്നതിർവരകൾ.

ഇടശ്ശേരിക്കവിത ദേശീയത നിർവചിച്ച ആദ്യപരിണാമഘട്ടത്തിൽ മാത്രമല്ല ആധുനികതയിൽ നിർവ്വചിക്കപ്പെട്ട പിൽക്കാലപരിണാമഘട്ടത്തിലും എങ്ങിനെ പ്രസക്തമായി എന്ന് ശ്രീ രാഘവവാരിയർ ഈ വരികൾ ഉദ്ധരിച്ച് ചൂണ്ടിക്കാട്ടി.

### രണ്ടാം ദിവസം – 2.2.2006 വ്യാഴം
### ജന്മശതാബ്ദി സെമിനാർ ഇടശ്ശേരിക്കവിത – Session 2 - 9.30 A.M.

ജീവകാരുണ്യം കൊണ്ട് എഴുതിയ ഋഷിതുല്യനായ കവി, മഹാന്മാരായ കവികളുടെ പാരമ്പര്യം കാത്തുസൂക്ഷിച്ച കവി എന്നിങ്ങനെ ശ്രീ മണമ്പൂർ രാജൻ ബാബു ഇടശ്ശേരിയെ തന്റെ സാരഥ്യനിരീക്ഷണത്തിൽ വിശേഷിപ്പിച്ചു. ദു:ഖിക്കുന്ന മനുഷ്യരുടൊപ്പം സ്വന്തം നിയോഗം എന്ന നിലയിൽ അദ്ദേഹം കവിതയെഴുതി (ചകിരിക്കുഴിയിലെ വേദനകൾ). വക്കീൽ ഗുമസ്തനായ ഇടശ്ശേരി പലപ്പോഴും കക്ഷികളെ ഉപദേശിച്ച് രമ്യതയിലെത്തിച്ചിരുന്നു – അത് തന്റെ വരുമാനത്തെ ബാധിക്കും എന്നറിഞ്ഞുതന്നെ. കവിതയും ജീവിതവും ഒന്നായ കാരണം ഇടശ്ശേരികവിതകൾക്ക് ആത്മബലം ഏറും. കവികൾ അനുദിനം സ്വയം പുതുക്കി പണിയേണ്ടതുണ്ട്. അധികാരം കൊയ്യണം എന്ന് എഴുതിയ ഇടശ്ശേരി ചങ്ങമ്പുഴയേക്കാൾ മുന്നോട്ട് പോയി. കുഴിവെട്ടി മൂടുക വേദനകൾ എന്നെഴുതിയപ്പോൾ ശോകത്തിൽ അഭിരമിക്കാതിരിക്കുക, കരുത്താർജിക്കുക എന്ന സന്ദേശമാണ് ഇടശ്ശേരി നൽകിയത്.

1930ൽ തുടങ്ങി നാലരപ്പതീറ്റാണ്ട് നീണ്ട കവിതയിലെ പരിണാമഘട്ടത്തെ സൂചിപ്പിച്ച് ഡോ. എസ്.കെ. വസന്തൻ, ഇടശ്ശേരിയുടെ കാവ്യ സങ്കൽപ്പത്തെ വിശദീകരിച്ചു. കാരുണ്യവും പ്രതീക്ഷയുമായിരുന്നു ആ സങ്കൽപ്പത്തിന്റെ അടിത്തറ. നാളികേരപാകമായിരുന്ന ഈ കവിയുടെ ആദ്യകാലരചനകൾ പ്രായേണ ശ്രദ്ധിക്കപ്പെടുന്നില്ലെങ്കിലും പ്രസക്തങ്ങളാണ്. പ്രകരണശുദ്ധിയുടെ മഹത്വം മനസ്സിലാക്കിയ ശ്രീ. കുട്ടിക്കൃഷ്ണമാരാർ ഇടശ്ശേരിയുടെ ഗുരുവായി ഉണ്ടായിരുന്നു. ആദ്യകാലകൃതികളിലെ സംസ്കൃതപ്രതിപത്തി ഉപേക്ഷിച്ച്, ക്ലാസിക് ഭാഷയിൽ നിന്ന് പ്രാദേശികഭാഷയിലേക്കുള്ള പരിണാമം ശ്രദ്ധേയമാണ്. 1947–ന് മുമ്പ് ഉണ്ടായിരുന്ന വള്ളത്തോൾ സ്വാധീനം മാരാരുടെ സ്വാധീനത്തിൽ ക്രമേണ അപ്രത്യക്ഷമാകുകയായിരുന്നു. നിയോക്ലാസിസത്തിൽ നിന്ന് മാറി ഇടശ്ശേരി ചെന്നെത്തിയത് ഗ്രാമീണഭംഗിയാൽ പുതക്കപ്പെട്ട ആദർശഭംഗിയിലേക്കായിരുന്നു. കഥാകാവ്യങ്ങളിലേക്കുള്ള മാറ്റം, കാർഷികചിന്തകൾ കനം തൂങ്ങിയ ഭാഷാപരമായ പരിണാമം, ബന്ധങ്ങളിലേക്കുള്ള സംക്രമണം (ഭാര്യ, അമ്മ, സഹോദരി, ബന്ധുക്കൾ) ഇതെല്ലം കവിതകളിൽ ശ്രദ്ധേയമായ മാനങ്ങൾ വരുത്തുകയുണ്ടായി. സാമൂഹ്യജീവിതം അന്ന് വ്യവസായവൽക്കരണത്തിന്റെ വക്കത്തായിരുന്നു. ഗ്രാമീണ ജീവിതസൗഭാഗ്യങ്ങളെ ഹനിക്കുന്നവയായിരുന്നു അത്. കുറ്റിപ്പുറം പാലം, നെല്ലുകുത്തുകാരി പാറു എന്നീ കവിതകൾ ആ കാലഘട്ടത്തിൽ പ്രസക്തമായിരുന്നു. ഇടശ്ശേരി നവക്ലാസിസത്തിൽ നിന്ന് മോചിതനാകുമ്പോൾ തന്നെ, ആ സാഹിത്യരീതിയുടെ ആടയാഭരണങ്ങൾ വേണ്ടപോലെ ഉപയോഗിക്കുകയും ചെയ്തു.

ഇടശ്ശേരിയുടെ ആഖ്യാനകലയെ വിഷയമാക്കി ശ്രീ. ഇ. പി. രാജഗോപാലൻ തന്റെ പ്രബന്ധം അവതരിപ്പിച്ചു. കവിത കഥപറയണം എന്ന ലക്ഷ്യത്തോടെ ഒരു പുതിയ ആഖ്യാനപ്രകാരം ഇടശ്ശേരി കവിതകളിൽ സാധിച്ചു. പൊതുമണ്ഡലം നൽകിയ അനുഭവങ്ങൾ, പരിചയങ്ങൾ മുതലായവ കവിതയിലേക്ക് ഇണക്കുകയാണ് ഇടശ്ശേരി ചെയ്തത്. വായനക്കാരനെ ആദ്യം കവിയുടെ നിലയിലേക്ക് കൊണ്ടുവന്ന ശേഷം കവിതയിലൂടെ ജനങ്ങളിലേക്ക് കഥ പകരുന്നതായിരുന്നു ഇടശ്ശേരിയുടെ ആഖ്യാനരീതി. ജനാധിപത്യവൽക്കരിക്കപ്പെട്ട കേരള സമൂഹമാണ് വാസ്തവത്തിൽ ഇടശ്ശേരിയുടെ സദസ്സ്. കവിതയിലൂടെ ജനകീയാധുനികതയാണ് ഇടശ്ശേരി ആവിഷ്ക്കരിച്ചത്. കഥനവ്യഗ്രതയാണ് കവിയായിരുന്ന അദ്ദേഹം ജനങ്ങളിൽ നിന്ന് പഠിച്ചത്. ജനങ്ങളെ പഠിപ്പിക്കുക എന്നത് ഇടശ്ശേരിയും തന്റെ ദൗത്യമായി എടുത്തു. തന്റെ കവിത കേരളത്തിന്റെ ആഖ്യാനഭൂപടമാക്കി മാറ്റി ഇടശ്ശേരി. പൂതപ്പാട്ടിലേയും, കാവിലെപ്പാട്ടിലേയും ആഖ്യാനശൈലി താരതമ്യം ചെയ്ത ലേഖകൻ മൗലികമായ ഒരു നിരീക്ഷണം നടത്തി. പൂതപ്പാട്ടിലെ ആഖ്യാനം വിപ്ലവകരമെന്ന് തോന്നാമെങ്കിലും വർഗ്ഗവിവക്ഷകൾ ഈ കവിതയിൽ സദസ്സിന്റെ ഊർജ്ജത്തെ തടവിലാക്കുന്നു. മറിച്ച് "കാവിലെപ്പാട്ടി"ൽ കവിയും സദസ്സും ഒന്നാകുന്നു ("ഞങ്ങൾ കാത്തുനിൽപ്പു" എന്നത് ശ്രദ്ധിക്കുക). ആഖ്യാനാത്മകത ഒരു രച

നാതന്ത്രത്തിൽ കവിഞ്ഞ് സാമുദായികമാനങ്ങൾ കൈവരിക്കുന്നത് ഈ കവിതകളിൽ കാണാൻ സാധിക്കും.

ഇടശ്ശേരിക്കവിതയിലെ പ്രമേയഘടനയാണ് ഡോ. ചാത്തനാത്ത് അച്യുതനുണ്ണി തന്റെ ലേഖനത്തിൽ വിഷയമാക്കിയത്. കവിയുടെ ദർശനത്തോട് ഗാഢബന്ധമുള്ള ആശയത്തെയാണ് പ്രമേയഘടന എന്ന്പറയുന്നത്. അമൂർത്തമായ ദർശനത്തിന്റെ മൂർത്തമായ ആവിഷ്ക്കാരമാണ് പ്രമേയം എന്നു പറയാം. ഇടശ്ശേരിയെ സംബന്ധിച്ചിടത്തോളം ചിരന്തനമൂല്യമായ ധർമ്മം തന്നെയാണ് പ്രമേയം. “സത്യം വദ: ധർമ്മം ചര:” എന്ന് ഇടശ്ശേരി വിശ്വസിച്ചു. സത്യം, ഭക്തി, സമത, നിസ്വാർത്ഥത, വിശുദ്ധി, ആർജ്ജവം ഇവയെല്ലാം ധർമ്മത്തെ ചൂഴ്ന്നു നിൽക്കുന്ന പ്രകാശവലയങ്ങളാണ്. ഇവയുടെ മൂല്യം നിർണ്ണയിക്കുന്നതാകട്ടെ, ഇവക്ക് വിപരീതമായ പുരോഭാഗത്തിലുമാണ്. ധർമ്മത്തിന്റെ അർത്ഥം നിർവചിക്കപ്പെടുന്നത് അധർമ്മത്തിന്റെ സാന്നിദ്ധ്യത്തിലാണ്. നന്മതിന്മകളുടെ വരമ്പാകട്ടെ വളരെ നേർത്തതും. ഇടശ്ശേരിയുടെ ധർമ്മസങ്കൽപ്പത്തിന് മാതൃത്വത്തോടുള്ള ബന്ധം സുദൃഢമാണ്. “വീടാക്കടമേ മമ ജന്മം” എന്ന് ബിംബിസാരന്റെ ഇടയനെക്കൊണ്ട് നെടുവീർപ്പിടുവിക്കുന്നത് ആ ബന്ധമാണ്. ഉദ്യോഗം തേടി മറുനാട്ടിൽ അലയുന്ന മകനെ ചൊല്ലിയുള്ള അമ്മയുടെ വേവലാതികൾ “ഒരമ്മപാടുന്നു” എന്ന കവിതയിൽ നിർല്ലീനമാണ്. ദു:ഖത്തെ നശിപ്പിക്കലല്ല, ജയിക്കുകയാണ് വേണ്ടത്. മാതൃത്വത്തിന്റേതായ “ദുർബ്ബലതേ നീ മാതാവാകെ പ്രതിഭടശക്തികൾ നിൻ കുഞ്ഞിൻ പൂന്തൊട്ടിൽ പതുക്കനെയാട്ടുന്നു” എന്ന ആശയം തന്നെയാണ് പൂതപ്പാട്ടിലെ പ്രമേയമായി അവതരിക്കുന്നത്. ക്രൂരയായ പൂതത്തിനുള്ളിലും മാതൃത്വമുണ്ടെന്ന് കവി കാണിക്കുന്നു. കാവിലെപ്പാട്ടിലാകട്ടെ സ്വയം ശിക്ഷയേൽക്കുന്ന ഉദാത്തതയിലേക്ക് മനുഷ്യൻ എത്തി നിൽക്കുന്നു – ഇടശ്ശേരി സ്വന്തം ജീവിതം കൊണ്ട് ഇതിന് വ്യാഖ്യാനം എഴുതി. “പെങ്ങൾ” എന്ന കവിതയിൽ അനുജൻ തന്നെ സ്നേഹശൂന്യതയുടെ മൂർത്തീഭാവമാകുമ്പോൾ, വാച്യതലത്തിൽ ധർമ്മത്തിനുണ്ടായ ഗ്ലാനിയായി തോന്നുമെങ്കിലും പെങ്ങളുടെ ആഴമാർന്ന ത്യാഗം ധർമ്മമായി തിളങ്ങി നിൽക്കുന്നു. അനഭിമതനായ പുരുഷനാൽ, അയാൾ ഭർത്താവായിപ്പോയി എന്ന കാരണം കൊണ്ട്, ആമരണം ബലാൽസംഗം ചെയ്യപ്പെടുന്ന അനുകമ്പാർഹയായ ഒരു സ്ത്രീയെ പതിവ്രത എന്നു പുകഴ്ത്താൻ സാമൂഹ്യബോധമുള്ള ഒരു സാഹിത്യനിർമ്മാതാവ് കൂട്ടു നിൽക്കുകയില്ല എന്ന ഇടശ്ശേരിയുടെ നിലപ്പാട് ശ്രദ്ധിക്കുക. ആത്മഹത്യ സാധാരണ ഭീരുത്വമായി വ്യാഖ്യാനിക്കപ്പെടുമെങ്കിലും “വിവാഹസമ്മാന”ത്തിൽ അത് ആത്മത്യാഗത്തിന്റെ വിജയമായി ഔന്നത്യമാർന്ന് നിൽക്കുന്നു. കർമ്മയോഗിത്വം, സേവനപരത, തദ്വാര ലഭിക്കുന്ന ചിരഞ്ജീവിത്വം ഇവയാണ് ഇടശ്ശേരിക്ക് അഭിമതമായിരുന്നത്.

## രണ്ടാം ദിവസം 2.2.2006 (Session III)
## ഇടശ്ശേരി ശൈലി

സ്വാഗത പ്രസംഗത്തിൽ ശ്രീ. ബിജു നായരങ്ങാടി മരണാനന്തരം ഏറെ പ്രസിദ്ധനായ, ചർച്ചചെയ്യപ്പെട്ട കവിയാണ് ഇടശ്ശേരി എന്ന് നിരീക്ഷിച്ചു. ആദ്ധ്യക്ഷ്യം വഹിച്ച ശ്രീ. സി. പി. ശിവദാസ് ഇടശ്ശേരിയുടെ രചനാതന്ത്രങ്ങൾ എന്ന തന്റെ പ്രബന്ധം അവതരിപ്പിച്ചു. പൂതപ്പാട്ട്, കാവിലെപ്പാട്ട്, കുറ്റിപ്പുറം പാലം, വിവാഹസമ്മാനം, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ എന്നീ കവിതകൾ അദ്ദേഹം തന്റെ പ്രബന്ധത്തിൽ പഠനവിധേയമാക്കി. ശബ്ദഘടന, പദവിന്യാസം, വാക്യഘടന ഇവയെല്ലാം ശൈലിയെ നിർവ്വചിക്കുന്നു എന്ന് ചൂണ്ടിക്കാണിച്ച് ശ്രീ. ശിവദാസ് മുൻപറഞ്ഞ രചനകളിൽ ഇടശ്ശേരി അവലംബിച്ച രചനാതന്ത്രങ്ങൾ വിശദീകരിച്ചു. പൂതപ്പാട്ടിൽ, ആവർത്തനം, ഊന്നൽ (Emphasis), സമവിധി (Symmetry) എന്നിവയുടെ പ്രയോഗം ഭാവാർത്ഥതലങ്ങളിൽ കവിതക്കുനൽകിയ സൗന്ദര്യം അദ്ദേഹം വിവരിച്ചു. ഉദാഹരണത്തിന് പൂതപ്പാട്ടിലെ ആദ്യത്തെ നാലുവരി അവസാനം ആവർത്തിച്ചത് ശബ്ദതലത്തിൽ മാത്രമല്ല അർത്ഥതലത്തിലും പ്രയോജനപ്പെടുന്നു. അനന്തതയിൽ നിന്ന് ഇറങ്ങിവന്ന പൂതം അനന്തതയിലേക്ക് നിർഗ്ഗമിക്കുന്ന തോന്നൽ ഇതുണ്ടാക്കുന്നു. പൂതം എന്ന കർത്തൃനാമത്തെ വാക്യാന്ത്യത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. (ഉദാ: തെച്ചിക്കോലുപറിച്ചൂ പൂതം). ഈ ക്രമവിപര്യയം പ്രത്യേകതയാണ്, രചനാതന്ത്രമാണ്. വ്യാകരണപ്രകാരമുള്ള കാലവും പൂതപ്പാട്ടിൽ സ്വതന്ത്രമാക്കിയിട്ടുണ്ട്. (ഉദാ: പകലൊക്കെപ്പാർക്കുന്നു പൂതം, ...പൂതം കുടിക്കും, ...താംബൂലം വാങ്ങും, ഉണ്ണി പിറന്നു, ...കൊടുക്കുന്നു നങ്ങേലി) ഇങ്ങനെ വ്യത്യസ്ത കാലസൂചനകളിൽ ഉണ്ണിയുടെ വളർച്ച ഒരു നിരന്തരസാന്നിദ്ധ്യമായി അനുഭവപ്പെടുന്നു. തികച്ചും ഗ്രാമീണവും ഉചിതവുമായ പദപ്രയോഗങ്ങളും കവിതയെ മനോഹരമാക്കുന്നു– അയ്യയ്യാ, പാപ്പകൊടുക്കുന്നു. കുന്നിന്റെ മേൽമുടിപ്പാറയെ കൈതപ്പൂവിനോട് ഉപമിച്ചിരിക്കുന്നതും ശ്രദ്ധിക്കുക. “കാവിലെ പാട്ടി”ൽ സമസ്തപദങ്ങളുടെ ഉചിതമായ സന്നിവേശം, വാക്യഘടന, ഭൂതവർത്തമാനകാലങ്ങളിലൂടെയുള്ള ഊഞ്ഞാലാട്ടം എന്നിവയടങ്ങിയ സവിശേഷമായ രചനാതന്ത്രം ഇടശ്ശേരി പ്രയോഗിച്ചിരിക്കുന്നു. ശബ്ദാലങ്കാരങ്ങൾ ജനിപ്പിക്കുന്ന phono stylistic impression എടുത്തുപറയേണ്ടതാണ്. ഉദാഹരണത്തിന് മൃദുകോമളത “ല” കാരത്തിലൂടെയും (ചേലിയലും പെൺകൊടിമാർ താലവും നിരത്തി...) ഭയാനകത (ചെകിടടയും വെടികളോടെ ചെണ്ടമേളം താക്കീ) “ട” കാരത്തിലൂടെയും അനു

ഭവിപ്പിക്കുന്നു. ആശയപരമായ ഘടനയെ വാക്യഘടന എങ്ങിനെ ബാധിക്കുന്നു എന്ന് മൂന്നു കവിതകളെ ഉദാഹരിച്ചു കൊണ്ട് ശ്രീ. ശിവദാസും വ്യക്തമാക്കി. വിവാഹസമ്മാനം എന്നതിൽ"സമ്മാനം" എന്ന വാക്കിന്റെ വിപുലാർത്ഥം ശ്രദ്ധേയമാണ്. "കുറ്റിപ്പുറം പാലത്തിലാ"കട്ടെ വിരുദ്ധ ദ്വന്ദങ്ങൾ വിപുലമായ അർത്ഥമാനങ്ങൾക്ക് കാരണമാകുന്നു. ഉദാ: അഭിമാനം/വേദന, ഇരച്ചു പൊന്തുക/നാട്ടനൂഴുക, പക്ഷികൾ/മനുഷ്യർ. വിവാഹസമ്മാനത്തിലെ "ബന്ധുക്കാരൻ" എന്ന വാക്ക് പുച്ഛവും, പഴയസ്നേഹത്തിന്റെ ചൂടും വ്യഞ്ജിപ്പിക്കുന്നുണ്ട്. "കാണാതെയാമ്പോൾ കരയുമോ നീ? എന്ന rhetoric ചോദ്യം അനിയനോടുള്ള സ്നേഹവും ജീവിതത്തോടുള്ള ആസക്തിയും പ്രകടമാക്കുകയും കവിതയുടെ ഭാവഘടനയുമായി ചേർന്ന് പോകുകയും ചെയ്യുന്നുണ്ട്.

"പ്രമേയവും ശൈലിയും" എന്ന തന്റെ പ്രബന്ധം അവതരിപ്പിച്ചു കൊണ്ട് ശ്രീ. ഇ. വി. രാമകൃഷ്ണൻ ഇടശ്ശേരിയെ വിശേഷിപ്പിച്ചത് നൈതികത വലിയ പീഡനമായി അനുഭവിച്ച കവി എ്നായിരുന്നു. ഇടശ്ശേരിയുടെ കാവ്യത്തിൽ റൊമാന്റിക്ക് ഉദാത്തീകരണത്തിന് എതിരായ ഒരു ഭാവം ഉണ്ട്. നർമ്മം (ആഭ്യന്തര വൈരുദ്ധ്യങ്ങളെ കുറിച്ചുള്ള അവബോധം) ഇടശ്ശേരി കവിതയിലെ ഒരു മുഖ്യഘടകമാണ്. സാമ്പത്തിക  നയങ്ങൾ ഗാന്ധിജിയിൽ നിന്ന് നെഹ്രുവിലേക്ക് മാറിപ്പോകുന്ന ഘട്ടത്തിലാണ് പണിമുടക്കും, പുത്തൻകലവും അരിവാളും രചിതമായത്. ദുരന്തബോധത്തിന്റെ തീവ്രതയിൽ "ചകിരിക്കുഴികൾ" രചിക്കുമ്പോൾ മദ്ധ്യവർഗ്ഗക്കാരനായ കവി സ്വന്തം പരിമിതി അറിയുന്നുണ്ട്. സ്വന്തമായി പാർപ്പിടം ഇല്ലാത്തവർക്ക് ഏത് രാഷ്ട്രത്തിലാണ് അവകാശം എന്ന സമസ്യയാണ് "കുടിയൊഴിക്കലി"ൽ. പൊന്നാനിയിലെ കൃഷിക്കാരനായി മാത്രം ഇടശ്ശേരിയെ കണ്ടാൽ പോര. "കുടുംബം" എന്ന പരിവേഷം "അങ്ങേ വീട്ടിലേക്ക് " എന്ന കവിതയിലൂടെ ഇടശ്ശേരി വരച്ചുകാണിക്കുന്നുണ്ട്. പ്രാദേശികതയെ അക്രമാസക്തമായ ദേശിയതയായി കാണുന്നതിനാൽ മലയാളിക്ക് തമിഴനോടുള്ള തോന്നുന്ന അപ്രതിപത്തിയെ "കറുത്തചെട്ടിച്ചികളി"ൽ ഇടശ്ശേരി പരിഹസിക്കുന്നത്. ദ്രാവിഡഭാവത്തെ തിരിച്ചറിയുകയും സ്വാംശീകരിക്കുകയും  ആണ് ഇടശ്ശേരി ചെയ്തത്. പ്രതിരോധത്തിന്റെ വാങ്മയം ആണ് ഇടശ്ശരി മലയാളിക്ക് നൽകിയത്. സ്വയം പുതുക്കാനുള്ള സമൂഹത്തിന്റെ സന്നദ്ധത ഇടശ്ശേരി തിരിച്ചറിയുന്നുണ്ട് (പൊട്ടിപുറത്ത്, ശീവോതി അകത്ത്). ഇടശ്ശേരി കവിതയിൽ വാക്കുകൾ അരങ്ങുണ്ടാക്കുന്നു. ഓരങ്ങളിൽ നിന്ന് നോക്കി കാണുന്നതായ ഒരു സങ്കേതവും ഇടശ്ശേരിക്കവിതകളിൽ ദൃശ്യമാണ്.

ഇടശ്ശേരിക്കവിതയിലെ ബിംബയോജനയെപ്പറ്റി ആയിരുന്നു ശ്രീ. അനിൽവള്ളത്തോൾ പ്രബന്ധം അവതരിപ്പിച്ചത്. നാടൻകൃഷിക്കാരന്റെ ബിംബകല്പനകൾ ഉടനീളം കാണുന്ന ഇടശ്ശേരിക്കവിതയിൽ ലളിതമായ ഉൽപാദനോപകരണങ്ങളും, കഥാപാത്രങ്ങളും കവിതയിലേക്ക് കാർഷികബിംബങ്ങൾ സന്നിവേശിപ്പിക്കാൻ ഉപകരിക്കുന്നു. കാർഷികബിംബങ്ങളുടെ അങ്ങനെയുള്ള അമ്പതോളം ഉദാഹരണങ്ങൾ ശ്രീ . വള്ളത്തോൾ എടുത്തുകാണിച്ചു. ജീവിതദർശനത്തെ പ്രകടിപ്പിക്കാൻ ഉതകുന്ന കാവ്യബിംബങ്ങൾ ഇടശ്ശേരി ശ്രദ്ധാപൂർവ്വം പ്രയോഗിച്ചിട്ടുണ്ട്. വസ്തു ബിംബങ്ങൾ (ടയർ, പെട്രോൾ), ഐന്ദ്രികാത്മകബിംബങ്ങൾ (ദൃശ്യം, ശ്രാവ്യം, ഗന്ധം, സ്പർശ്ശം എന്നിവയെ ദ്യോതിപ്പിക്കുന്നു) പ്രതീകാത്മകബിംബങ്ങൾ (കറുത്ത ചെട്ടിച്ചികളിലെ കാർമേഘം), ആദിരൂപബിംബങ്ങൾ എന്നിവ ശ്രീ. വള്ളത്തോൾ ഉദാഹരണ സഹിതം വിശദീകരിച്ചു.

## രണ്ടാം ദിവസം – 2.2.2006 (Session IV)
## ഇടശ്ശേരി കവിത: സാംസ്ക്കാരിക സന്ദർഭം

യോഗത്തിന് സാരഥ്യം വഹിച്ചുകൊണ്ട് ശ്രീ. ആലങ്കോട് ലീലാകൃഷ്ണൻ പൊന്നാനിക്കാരൻ എന്ന നിലയിൽ ഇടശ്ശേരിയെ ചുറ്റിയുള്ള തന്റെ അമൂല്യമായ അനുഭവങ്ങൾ വിവരിച്ചു. ശ്രീ. കെ. പി. ശങ്കരൻ അദ്ധ്യക്ഷപ്രസംഗത്തിൽ "ഇടശ്ശേരിയുടെ കാവ്യസങ്കൽപ്പം" വിശദീകരിച്ചു. സങ്കൽപ്പങ്ങൾ അമൂർത്തവും അനധീനവുമായിരിക്കെ കാവ്യസങ്കൽപ്പം അജ്ഞേയമാകുന്നു എന്നദ്ദേഹം നിരീക്ഷിച്ചു. ഇടശ്ശേരിയുടെ കാവ്യസങ്കൽപ്പം പക്ഷേ സുവ്യക്തമാണ് – "പ്രസ്താവന" എന്ന കവിതയിൽ കല കലക്കുവേണ്ടി, കല ജീവിതത്തിനുവേണ്ടി എന്ന വാദം ഉച്ചസ്ഥായിയിൽ നിൽക്കേ, "പ്രസ്താവന"യിൽ ഇടശ്ശേരി അഭിപ്രായപ്പെട്ടത് കേവലമായ ആനന്ദവാദത്തിന് പ്രസക്തിയില്ല എന്നാണ്. "കവിത: എന്റെ സങ്കൽപ്പത്തിൽ" എന്ന തന്റെ ലേഖനത്തിൽ ഇടശ്ശേരി തന്റെ വ്യക്തമായ സങ്കൽപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. "വഴിക്കുളം" എന്ന കവിതയിൽ സൗന്ദര്യങ്ങൾ പ്രതിഫലിപ്പിക്കാൻ നിശ്ചലമായി കുളം നിലകൊള്ളുമ്പോൾ അവിടെയെത്തുന്ന അലക്കുകാരൻ എന്ന അനിവാര്യയാഥാർത്ഥ്യത്തെ തിരിച്ചറിയുന്നുണ്ട്. വികാരം മനുഷ്യനെ സുന്ദരനാക്കുന്നു, അളവുകോൽ അപൂർണ്ണമാണ് എന്നീ ആശയങ്ങളും ഇടശ്ശേരിയുടെ കാവ്യസങ്കൽപ്പത്തിലേക്കുള്ള ചൂണ്ടുപലകകൾ ആണ്. "മറ്റേ മുണ്ട്" എന്ന കവിതയിൽ "കോടിയിൽ തന്നെ കീറിയമുണ്ട്" സ്വന്തം ജീവിതത്തിന്റെ പ്രതീകമായി കാണുമ്പോൾ ഇടശ്ശേരി സൗന്ദര്യദർശനത്തിന്റെ മറ്റൊരു മാനം നമുക്കു കാണിച്ചു തരുന്നു.

കാർഷികബിംബങ്ങളുടെ സാംസ്ക്കാരിക പശ്ചാത്തലത്തെ പറ്റിയുള്ള തന്റെ പ്രബന്ധത്തിൽ ഡോ.കെ.പി. മോഹനൻ 74-ൽ അന്തരിച്ച ഇടശ്ശേരി ഇപ്പോഴും എന്തുകൊണ്ട് ചർച്ച ചെയ്യപ്പെടുന്നു

എന്ന് പരിശോധിച്ചു. "അനുഭവങ്ങൾ തൻ വേരിൽപ്പുളഞ്ഞു ഞാൻ അകലെ നീക്കട്ടെ ജീർണ്ണതൊലിപ്പുറം" എന്ന് ഇടശ്ശേരി എഴുതിയതുതന്നെ നിരന്തരം നവീകരിക്കാൻ സന്നദ്ധമായ ഒരു മനസ്സിന്റെ ഉടമയാണ് അദ്ദേഹം എന്ന് വെളിവാക്കുന്നു. നിരന്തരം നവീകരിക്കുന്ന ഭാഷയായിരുന്നു ഇടശ്ശേരിയുടെ. 1954-ൽ "കുറ്റിപ്പുറം പാലം" എഴുതിയപ്പോൾ പരിസ്ഥിതി ഇന്നത്തേതെന്ന പോലെ ഒരു "പ്രശ്നം" ആയിരുന്നില്ല. കീഴാള ജനതയുടെ സംസ്ക്കാരം ഇടശ്ശേരിക്കവിതയിൽ, പദവാക്യഘടനകളിലും ശൈലിയിലും പ്രകടമാണ്. 1929-ലെ ലോക സാമ്പത്തിക പ്രതിസന്ധിയും 1936-ലെ അഖിലേന്ത്യ കിസാൻ സഭയുടെ രൂപീകരണവും ഇടശ്ശേരിയുടെ പ്രധാനകൃതികൾക്ക് അനുകൂലമായ കാലാവസ്ഥയായി (കൂട്ടുകൃഷി, കുടിയൊഴിപ്പിക്കൽ, പണിമുടക്കം, പുത്തൻകലവും അരിവാളും). ഇടശ്ശേരിക്കവിതയിലെ ബിംബങ്ങളെയും ഡോ. മോഹനൻ പരാമർശിച്ചു - "കുറ്റിക്കിട്ട ഗജം...", "...പുലി പോലെ", പുലി നഖമുരക്കുന്നതറിയാതെ സ്ഥിതിചെയ്യുന്ന ബുദ്ധപ്രതിമ. "പുത്തൻകലവും അരിവാളും" ചേർത്ത് വായിക്കേണ്ടതാണ് "മൈനാകശൃംഗം". മിച്ചമൂല്യം വളരെക്കുറച്ചുൽപാദിപ്പിക്കുന്ന ഒരു കാർഷികവ്യവസ്ഥിതിയാണ് - ലളിതമായ കാർഷികോപകരണങ്ങൾ, ലളിതമായ ജീവിതപ്രത്യാശ - ഇടശ്ശേരിക്കവിതയിൽ മുന്നിട്ടു നിൽക്കുന്നത്. അവ അനവധി കാർഷികബിംബങ്ങളാൽ സമ്പന്നമാണ് - ആയിരം മുളയുള്ള വിത്ത്, തേവിത്താണകുളം, ഇങ്ങനെ ഇടശ്ശേരിയുടെ നർമ്മബോധം ഡോ.മോഹനൻ എടുത്തുകാണിച്ചു. "ദൈവം കുഴങ്ങുമ്പോൾ ചിരിക്കുക ചിരിക്കുക", "ഉപദേശത്തെ ശ്രദ്ധാപൂർവ്വമേ..." എന്നീ വരികൾ ഇടശ്ശേരിയുടെ നർമ്മത്തിന്റെ പ്രത്യേകത വിശദീകരിക്കാൻ അദ്ദേഹം ഉപയോഗിച്ചു. കരയാനും ചിരിക്കാനും അറിയുക എന്നതാണ് ഇടശ്ശേരി ഉപദേശിക്കുന്നത്.

"നഗരകവിത: സമീപനങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ആത്മാരാമൻ തന്റെ പ്രബന്ധം അവതരിപ്പിച്ചു. മാമാങ്കരേഖ എന്ന് വിശേഷിപ്പിച്ച് "ഹോട്ടൽക്കാരികൾ" എന്ന കവിതയാണ് ഇടശ്ശേരിയുടെ നഗര സമീപനത്തെ പഠിക്കാൻ പ്രബന്ധകാരൻ അവലംബിച്ചത്. നഗരങ്ങളെപ്പറ്റി അന്ധാളിപ്പാർന്ന ഊഹമേ ഇടശ്ശേരിക്ക് ഉണ്ടായിരുന്നുള്ളൂ. കാളവണ്ടിയിലാണ് ആദ്യമായി നഗരസൂചന വരുന്നത്. കാളവണ്ടിക്കാരന്റെ പാട്ട് എതിർഭാഗത്തു നിന്ന് വരുന്ന വാഹനത്തിന്റെ ശബ്ദത്തിൽ മുങ്ങിപ്പോകുന്നു. നഗരത്തിന്റെ സ്വഭാവത്തെപ്പറ്റി ഇടശ്ശേരിയുടെ ദർശനം പ്രബന്ധകാരൻ കവിതകളിൽ തേടി. പൊട്ടിച്ചൂട്ടുകളാൽ സ്വന്തം കുട്ടികളെ വഴിതെറ്റിക്കുന്ന നഗരങ്ങൾ "ഒരമ്മപാടുന്നു" എന്ന കവിതയിൽ ഒരു വേവലാതിയാണ്. ശശിലേഖ എന്ന കവിതയും ഇടശ്ശേരിയുടെ നഗരസമീപനത്തിന്റെ ദൃഷ്ടാന്തമായി ആത്മാരാമൻ വിശദീകരിച്ചു. "പെങ്ങൾ" എന്ന ആദ്യകാലകവിതയിൽ തന്നെ അനുജനായ യുവകോമളന്റെ സിഗരറ്റ് കേയ്സ് ഒരു നഗര ബിംബമായി അവതരിപ്പിക്കുന്നുണ്ട്.

ശ്രീ. എം. ഗംഗാധരൻ ഗാന്ധിവാദവുമായി ഇടശ്ശേരിയുടെ ഇണക്കവും പിണക്കവും ആണ് തന്റെ പ്രബന്ധത്തിന് പ്രമേയമാക്കിയത്. ഗാന്ധിജിയെ സ്മരിക്കാതെ ഒരു വാക്കുപോലും താൻ എഴുതിയിട്ടില്ല എന്ന ഇടശ്ശേരിയുടെ പ്രസ്താവന പരാമർശിച്ചാണ് പ്രബന്ധം തുടങ്ങിയത്. ഗാന്ധിജിയെപോലെ ഇടശ്ശേരിയും നഗരവൽക്കരണത്തിന് എതിരായിരുന്നു. "നെല്ലുകുത്തുകാരി പാറുവിന്റെ കഥ" ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടും പ്രസക്തമായിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ വക്താക്കളായ ഭരണാധികാരികളെ യുവാവായ ജന്മിയായും, കൃഷിക്കാരനെ മീശക്കാരനായ തടിയനായും ഇന്ന് വീക്ഷിക്കാവുന്നതാണ്. "ബുദ്ധനും ഞാനും നരിയും" പ്രത്യക്ഷത്തിൽ ഗാന്ധിസമായുള്ള പിണക്കമായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ അങ്ങനെയല്ല. പിഞ്ചുകിടാങ്ങളുടെ ജീവൻ കെട്ടു പോകാതിരിക്കാൻ, വേറെ മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്ത അവസ്ഥയിൽ, ഹിംസാമാർഗ്ഗം അവലംബിച്ചതിൽ ഗാന്ധിസത്തിന് എതിരായിട്ട് ഒന്നും ഇല്ല. "കാവിലെ പാട്ടിൽ" അമ്മ ഹിംസയെ ചെറുക്കുന്നു. സംഭാഷണങ്ങളിലൂടെ എതിർകക്ഷികളെ രഞ്ജിപ്പിക്കുന്നതായിരുന്നു ഗാന്ധിജിയുടെ ശൈലി. ഇടശ്ശേരിയുടെ പ്രവർത്തനശൈലിയും ഭിന്നമായിരുന്നില്ല. ക്രൂരതയെ ആത്മബലിയിലൂടെ നേരിടണം, ഹിംസയിലൂടെയല്ല എന്നാണ് "കാവിലെപാട്ടി"ലെ സന്ദേശം. "ഋഷിയുടെ ധേനു" എന്ന കവിതയും ശ്രീ. ഗംഗാധരൻ എടുത്തുകാട്ടി. "കൂട്ടുകൃഷി"യിൽ ഗാന്ധിയൻ ആശയങ്ങളും ആദർശങ്ങളും വിരിഞ്ഞു നിൽക്കുന്നതായി പ്രബന്ധകാരൻ ദർശിച്ചു.

## രണ്ടാം ദിവസം 2.2.2006 (Session V)
## ഇടശ്ശേരിക്കളിയരങ്ങ്

സ്വാഗത പ്രസംഗത്തിൽ ശ്രീ. കെ. എക്സ്. ആന്റോ ഇടശ്ശേരിക്ക് നാടകം ഒരു ഹരമായിരുന്നു എന്ന് ഓർമ്മിച്ചു. സ്വന്തം അനാരോഗ്യം അവഗണിച്ച് നാടക പ്രവർത്തനങ്ങൾക്ക് ഇടശ്ശേരി നായകത്വം നൽകിയിരുന്നു. ചെറുപ്പക്കാരോടുള്ള വാത്സല്യം, മനസ്സിന്റെ വിശാലത, മന:സ്സാന്നിദ്ധ്യം എന്നീ നന്മകൾ ഇടശ്ശേരിയുടെ കൂടെ നാടക പ്രവർത്തനങ്ങൾ നടത്തുന്നവർ അനുഭവിച്ചിരുന്നു. സാരഥ്യം വഹിച്ച് പ്രസംഗിച്ച ശ്രീ.സി.ഹരിദാസ് ഇടശ്ശേരിക്കൊപ്പം പൊന്നാനിയിൽ താൻ പങ്കെടുത്ത നാടകപ്രസ്ഥാനത്തെപ്പറ്റി വികാരഭരിതനായി സംസാരിച്ചു. അഭിനേതാക്കൾ വിരളമായിരുന്ന അക്കാലത്ത് പുരുഷൻമാർ തന്നെയായിരുന്നു സ്ത്രീവേഷം കെട്ടിയിരുന്നത്. കൂട്ടുകൃഷിയിൽ താൻ ആയിഷ

യായി അഭിനയിച്ചത് ശ്രീ. ഹരിദാസ് അനുസ്മരിച്ചു. അദ്ധ്യക്ഷപ്രസംഗം നടത്തിയ ശ്രീ. എ. അച്യുതൻ മലയാള നാടകവേദിയുടെ ചരിത്രപരമായ വളർച്ചയെ പരാമർശിച്ച് മലയാള നാടകവേദിയുടെ ആരംഭം വേണ്ടമാതിരി ആയിരുന്നില്ല എന്ന് നിരീക്ഷിച്ചു. 1940കളിലാണ് നാടകത്തെ വിപ്ലവത്തിനുള്ള ഉപാധിയാക്കിയത്. മുപ്പതുകളിൽ അരങ്ങേറിയ "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്", "ഋതുമതി", "പാട്ടബാക്കി" എന്നീ നാടകങ്ങളുടെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. 1949-ൽ ഇടശ്ശേരി രചിച്ച "കൂട്ടുകൃഷി" ഇന്ത്യൻ കാർഷികരംഗത്തെ മനസ്സിലാക്കിയതിന്റെ ഫലമായിരുന്നു.

"ഇടശ്ശേരിനാടകവേദി"യെ പറ്റി ശ്രീ. പി. പി. രാമചന്ദ്രൻ തന്റെ പ്രബന്ധം അവതരിപ്പിച്ചു. സംഘർഷഭരിതമായ രാഷ്ട്രീയ സന്ദർഭമായിരുന്നു ഇടശ്ശേരിയുടെ രചനാകാലം. 1920 മുതൽ 1960 വരെയുള്ള കാലഘട്ടത്തിൽ മാനവികത, ഗാന്ധിയൻ ആശയങ്ങൾ, സോഷ്യലിസം എന്നിവ പ്രചരിപ്പിക്കാനുള്ള മാദ്ധ്യമം എഴുത്തുകാർ നേടിയിരുന്നു. ഉദാഹരണത്തിന് ചെറുകാട് സാമൂഹ്യ സമസ്യകളെ ഓട്ടൻതുള്ളൽ രൂപത്തിൽ അവതരിപ്പിച്ചിരുന്നു. ഇടശ്ശേരിയുടെ നാടകങ്ങളിൽ കഥാപാത്രങ്ങൾ അഭിനേതാക്കളായി വരുകയായിരുന്നു. സ്വന്തം നാടകസങ്കൽപ്പം ഇടശ്ശേരി തന്റെ പ്രബന്ധങ്ങളിൽ വ്യക്തമായി ഉപപാദിച്ചിട്ടുണ്ട്. ഒരോ സ്കൂളിലും ഒരു കെട്ടിടം രാത്രി സമയം ഗ്രാമീണ നാടകവേദിയായി മാറണമെന്നും, വിശേഷദിവസങ്ങളിൽ - വയർ നിറയുന്ന ദിവസങ്ങളിൽ എന്നർത്ഥം - നാടകം അരങ്ങേറണമെന്നും ഇടശ്ശേരി ആഗ്രഹിച്ചു. കൃഷിപ്രവർത്തനങ്ങളിൽ സമന്വയിച്ച ഗ്രാമീണനാടകപ്രവർത്തനം, പ്രൊഫഷണലിസം, സംവിധായകൻ എന്ന സ്ഥാനത്തിന്റെ പ്രസക്തി, സ്ത്രീകൾ അഭിനേത്രികളായി മുന്നോട്ട് വരേണ്ട ആവശ്യകത, ഇങ്ങനെ നാടകപ്രസ്ഥാനത്തിന്റെ ആത്മാവുമായി ബന്ധപ്പെട്ട എല്ലാത്തിനും ഇടശ്ശേരിയുടെ നാടകസങ്കൽപത്തിൽ സ്ഥാനമുണ്ടായിരുന്നു. 16 നാടകങ്ങളായിരുന്നു ഇടശ്ശേരിയുടെതായി. മറ്റു പല നാടകങ്ങളിലും കാണുന്ന സംഘർഷവും സംഘട്ടനവും (ഉദാ: പാട്ടബാക്കി) അല്ല സംഘർഷവും അനുരഞ്ജനവും ആണ് ഇടശ്ശേരി നാടകസങ്കേതമായി പ്രയോഗിച്ചത്. ഇനിയും പരിഹരിക്കപ്പെടാത്ത സഹകരണത്തിന്റെയും, മതമൈത്രിയുടെയും പ്രശ്നങ്ങൾ നിലനിൽക്കുന്നിടത്തോളം 1949-ൽ വിരചിതമായ "കൂട്ടുകൃഷി "യുടെ പ്രസക്തി തുടർന്നു കൊണ്ടിരിക്കും.

"നാടകവേദി, ഇടശ്ശേരിക്കുശേഷം" എന്നായിരുന്നു ശ്രീ. എൻ. ശശിധരന്റെ പ്രബന്ധവിഷയം. രാഷ്ട്രീയമായി ഉത്തേജിതമാകാത്ത സദസ്സാണ് ഇടശ്ശേരിക്കു ശേഷമുള്ള കാലഘട്ടം സാക്ഷിയായതെന്നും, അത്തരം സദസ്സിനുമുന്നിൽ നാടകം പരാജയപ്പെടുന്നു എന്നും ശ്രീ. ശശിധരൻ വാദിച്ചു. വിമോചനസമരം അരങ്ങേറിയത് സാംസ്ക്കാരികമായ ഒരു അട്ടിമറികൂടിയായിരുന്നു. തുടർന്ന് ആധുനികതയുടെ വക്താക്കളായി അരാഷ്ട്രീയക്കാർ പ്രത്യക്ഷപ്പെട്ടു. ആധുനികതയുടെ പേരിൽ മലയാളനാടകത്തിന്റെ തനിമയെ ഇവർ തകർത്തു. School of drama യുടെ പ്രവർത്തനങ്ങൾ അരാഷ്ട്രീയ നാടകങ്ങളെ സൃഷ്ടിക്കാനേ പര്യാപ്തമായുള്ളു എന്നും പ്രബന്ധകാരൻ അഭിപ്രായപ്പെട്ടു.

## മൂന്നാം ദിവസം 3.2.2006 (Session VI)
## "ഇടശ്ശേരിയുടെ ലോകബോധം"

ധർമ്മവും നീതിയും എന്നായിരുന്നു പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി അവതരിപ്പിച്ച അദ്ധ്യക്ഷപ്രബന്ധത്തിന്റെ ശീർഷകം. "ധർമ്മസ്യ തത്വം നിഹിതം ഗുഹായാം" എന്ന് വ്യാസൻ. താങ്ങി നിർത്തുന്നതാണ് ധർമ്മം. ഇടശ്ശേരിയുടെ "ഇത്തിരി കൂടി കാക്കണം, അവസാനിക്കാത്തതല്ലയോ കാലം" എന്നത് ധർമ്മത്തെ പറ്റിയുള്ള അവബോധമാണ്. നീതിയെ ധർമ്മത്തോട് ചേർക്കുക എന്നതായിരുന്നു ഇടശ്ശേരിയുടെ ദർശനം. നീതിയാകട്ടെ "ആർക്കും വിശക്കരുത്" എന്നതായിരുന്നു. "പുത്തൻകലവും അരിവാളും" എന്ന കവിതയിൽ വിതച്ചവൻ കൊയ്യണം എന്ന നീതിയെ ധർമ്മവുമായി വേൾക്കുകയാണ് ഇടശ്ശേരി ചെയ്യുന്നത്. കോമന്റെ നെൽച്ചെടികളോടുള്ള സ്നേഹം "ഒരച്ഛനതല്ലോ ചെയ്യുന്നു!" എന്ന വരിയിലൂടെ പ്രതിഫലിപ്പിച്ച് ആർഷദർശനമായി ഇടശ്ശേരി അവതരിപ്പിക്കുന്നു. "അധികാരം കൊയ്യണമാദ്യം നാം" എന്ന് വായിക്കുമ്പോൾ അധികാരത്തിന് "പ്രാപ്തി" ( competence ) എന്ന അർത്ഥം കൂടിയുണ്ടെന്ന് മനസ്സിലാക്കണം. ധർമ്മ വിചാരത്തിൽ ഇടശ്ശേരിയുടെ രണ്ടാമത്തെ പരീക്ഷണമായി "പണിമുടക്കത്തെ" കാണാം. മൂന്നാമത്തെതാണ് ഗാന്ധിസം ഒരു പരീക്ഷണം അർഹിക്കുന്നു എന്ന നിലപാട്. "പൊട്ടിയ തോക്കു പുണർന്നാളംബിക, വെട്ടിയ വാളിൽ ചുംബിച്ചാൾ..." എന്നീ വരികളിൽ പ്രതിഫലിക്കുന്നത് ആത്മീയമായ ധൈര്യമാണ്. ധർമ്മാധർമ്മങ്ങളുടെ അസ്തമയം കുറിക്കുന്ന സന്ദർഭങ്ങളും ചരിത്രത്തിലുണ്ടാകുമെന്ന് ഇടശ്ശേരി മനസ്സിലാക്കിയിരുന്നു എന്ന നിരീക്ഷണത്തോടെ ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരി ഉപസംഹരിച്ചു.

"സ്ത്രീയും പുരുഷനും ഇടശ്ശേരിക്കവിതയിൽ" എന്ന വിഷയം ശ്രീമതി. സാറാ ജോസഫ് തന്റെ പ്രബന്ധത്തിൽ അവതരിപ്പിച്ചു. ഇടശ്ശേരിയുടെ കാലം അമ്മപെങ്ങമ്മാരുടെതായിരുന്നെന്നും ഇന്ന് പെങ്ങമ്മാരില്ല എന്നും പ്രബന്ധകാരി നിരീക്ഷിച്ചു. ഇടശ്ശേരിക്ക് പൊതുവെ ഉണ്ടായിരുന്ന സഹതാപഭാവത്തിൽ ഉൾച്ചേർന്നതാണ് അദ്ദേഹത്തിന്റെ അമ്മയോടും പെങ്ങളോടും ഉള്ള വികാരം.

ഇവിടെ ലിംഗവ്യത്യാസം വലിയ ഒരു ഘടകമല്ല. ശ്രീമതി. കെ. സരസ്വതിയമ്മയാകട്ടെ പുരുഷനെ കണ്ടത് സ്ത്രീയെ വളരാനനുവദിക്കാത്ത കാനൽമരമായിട്ടായിരുന്നു. ഇടശ്ശേരിക്കവിതയിൽ പുരുഷമേധാവിത്വം project ചെയ്യുന്ന ഉദാത്തവൽക്കരിക്കപ്പെട്ട സ്ത്രീസങ്കൽപ്പം തന്നെയാണുള്ളത്. സ്ത്രീയുടെ സഹനഭാവം ഇവിടെ ആഘോഷിക്കപ്പെടുന്നു, സ്ത്രീക്ക് ഇതൊരു പീഡനം ആണെന്നല്ല. പക്ഷേ, ഇടശ്ശേരിയുടെ ഒന്നുരണ്ടു കഥാപാത്രങ്ങൾ ഇതിനെ കവച്ചുവെച്ച് മുന്നേറുന്നുണ്ട്. ഉദാഹരണത്തിന് "തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ", എന്ന കവിതയിലെ നായിക. "ആദ്യരാത്രി" എന്ന കവിതയിൽ നർമ്മോക്തിയിൽ കൂടി വധു കുറെയൊക്കെ തന്റെ ആവശ്യത്തെ പറ്റി ബോധവതിയായി കാണപ്പെടുന്നുണ്ട്. ഇടശ്ശേരി കുറെകൂടി അടുത്ത കാലഘട്ടത്തിലാണ് ജീവിച്ചിരുന്നതെങ്കിൽ ഇതിൽ കൂടുതൽ സ്ത്രീപക്ഷത്തിൽ നിലയുറപ്പിച്ച് പലതും തന്റെ കവിതകളിൽ ചേർക്കുമായിരുന്നു. പൂതപ്പാട്ട് സ്ത്രീപക്ഷപരമായ കവിതയാകുന്നുണ്ട്. എങ്കിലും, വ്യവസ്ഥിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് ഇടശ്ശേരി പ്രശ്നങ്ങൾ അവതരിപ്പിക്കുന്നത്.

ശ്രീ. അംബികാസുതൻ മാങ്ങാട് മനുഷ്യനും പ്രകൃതിയും ഇടശ്ശേരിക്കവിതയിൽ കണ്ടെത്തുന്ന തന്റെ പ്രബന്ധത്തിന് "പൊട്ടി അകത്ത് ശീവോതി പുറത്ത്" എന്നാണ് പേരിട്ടത്. നരൻ നരത്വം വെടിഞ്ഞ് ജീവിച്ചതുകാരണം അമ്മയായ പ്രകൃതി ഒരു ഉപഭോഗ വസ്തുവായി. ഇടശ്ശേരിയുടെ കവിതയിലാകട്ടെ പ്രാണവായുപോലെ പ്രകൃതി നിർല്ലീനമായിരിക്കുന്നു. കോടാലി വെക്കുന്നതിന് മുമ്പായി വൃക്ഷത്തോട് മാപ്പിരക്കുന്ന, പക്ഷികളോട് മാറിപ്പോകാൻ അപേക്ഷിക്കുന്ന ഭാരതീയസംസ്ക്കാരം "പുളിമാവുവെട്ടി" എന്ന കവിതയിൽ പ്രകടമാണ്. "കുറ്റിപ്പുറം പാലം", "നെല്ലുകുത്തുകാരി പാറുവിന്റെ കഥ" എന്നീ കവിതകൾ പാരിസ്ഥിതിക പ്രശ്നങ്ങളെ ഏറെ ഉൾക്കൊള്ളുന്നു. എഴുത്തും ശാസ്ത്രവും തന്റെ കുഞ്ഞിനെ കൊണ്ടു പോയേക്കുമോ എന്ന് "അമ്മ ദൈവം" (പൂതം) ഭയന്നതിനാലാണ് "ഓലയെഴുത്താണികളെ കാട്ടിലെറിഞ്ഞിങ്ങണയൂ" എന്ന് ഉണ്ണിയോടുപറയുന്നത്. 1956ലാണ് പാശ്ചാത്യ ലോകത്തുതന്നെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം അങ്കുരിച്ചതെങ്കിലും 1954-ൽ തന്നെ "കുറ്റിപ്പുറംപാല"ത്തിൽ ഈ സമസ്യയെ നേരിട്ടത് കവിയുടെ ക്രാന്തദർശിത്വത്തിന് തെളിവാണ്. "പഴകിയ ചാലുകൾ മാറ്റുക" എന്ന കവിത പരിസ്ഥിതിബോധത്തിന് എതിരാണെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. ജലസേചനം എന്ന കൂട്ടായ്മയുടെ ഉത്സാഹമാണ് ആ കവിതയിൽ.

മതവും സ്വത്വബോധവും ഇടശ്ശേരിക്കവിതയിൽ അന്വേഷിച്ചു കൊണ്ടാണ് ശ്രീ. വി. പവിത്രൻ തന്റെ പ്രബന്ധം അവതരിപ്പിച്ചത്. മതസംഘങ്ങളോട് ചേർന്ന ഉൽകണ്ഠകളെ ഇടശ്ശേരിക്കവിത ഉന്നയിക്കുന്നുണ്ട്. മറ്റു കവികൾ അക്ഷമയുടെ വക്താകളായിരുന്നപ്പോൾ (...സുന്ദരപാതയിലൂടെ, വേഗമാകട്ടെ വേഗമാകട്ടെ - വൈലോപ്പിള്ളി) അക്ഷമയിൽ നിന്നും മാറി നിന്ന കവിയാണ് ഇടശ്ശേരി (ആമയും മുയലും) അദ്ദേഹത്തിന്റെ സ്വത്വബോധം (മനുഷ്യവർഗ്ഗത്തിന്റെ സേവകൻ) ഹനുമൽ ബോധത്തിൽ ഉൾച്ചേർന്നിരുന്നു. 1921-ലെ മലബാർ കലാപവും 1939-ൽ പൊന്നാനിയിലെ കാർഷികസമരവും സൃഷ്ടിച്ച ബോധമാണ് ഇടശ്ശേരിയുടെ മതപരമായ സ്വത്വബോധം രൂപവൽക്കരിച്ചത്. അത് വിഭജനാത്മകമല്ല. സ്നേഹിതൻ അലവി ഒരു നല്ല മുസ്ലീം ആയി തന്നെ തുടരണം എന്നാണ് ഇടശ്ശേരിക്ക്.

## മൂന്നാം ദിവസം 3.2.2006 (Session VII)
## ഇടശ്ശേരിയുടെ ഗദ്യം

"ചിന്തയിലെ കവിത" എന്ന തന്റെ പ്രബന്ധം ശ്രീ. കെ. സി. നാരായണൻ അവതരിപ്പിച്ചു. 1000-ൽ പരം പേജുകളിൽ കവിത, 400-ൽ പരം പേജുകളിൽ ഗദ്യം ഇത്രയുമാണ് ഇടശ്ശേരിക്കൃതികളുടെ ഭൗതികമായ വ്യാപ്തി. പി.യുമായി താരതമ്യപ്പെടുത്തുമ്പോൾ ഗദ്യം കുറവെന്നു പറയാം. പക്ഷേ ഇടശ്ശേരിയുടെ ഗദ്യത്തിൽ ആത്മകഥാത്വര ഒട്ടും ഇല്ല. രണ്ടുപേരുടെയും ഗദ്യം ഒരേ സാരസ്വതപ്രവാഹമായിരുന്നു. "കരുവാന്റെ ആല" എന്ന ലേഖനത്തിലെ ശൈലി വിശകലനം ചെയ്ത് ഇടശ്ശേരിയുടെ ഗദ്യത്തിൽ നിഗൂഢതകൾ ഒന്നും ഇല്ല എന്ന് ശ്രീ. നാരായണൻ സമർത്ഥിച്ചു. ഇടശ്ശേരിക്ക് കവിതയും ദാരിദ്ര്യവുമായിരുന്നു ജീവിതസാരം. അധർമ്മത്തെ, ക്രൂരതയെ എന്തു ചെയ്യണം എന്ന അന്വേഷണം, ഒരേ കാര്യം തന്നെ ക്രൂരതയും കാരുണ്യവുമായി കാണുന്ന ചിന്താതലത്തിലേക്ക് ഇടശ്ശേരിയെ എത്തിച്ചു. നാടകത്തെപ്പറ്റിയുള്ള ഇടശ്ശേരിയുടെ ലേഖനങ്ങൾ വളരെ ശ്രദ്ധേയമാണ്. സ്ത്രീപുരുഷബന്ധത്തെ തന്റെ ഗദ്യത്തിൽ പരാമർശിക്കുമ്പോൾ ആ ബന്ധത്തിലുൾച്ചേർന്ന അധികാരഘടനയെ (ജന്മികുടിയാൻ ബന്ധം പോലെ) വിശ്ലേഷിക്കാനും ഇടശ്ശേരി ശ്രമിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ ഗദ്യത്തിന്റെ പ്രത്യേകതയായി ശ്രീ. നാരായണൻ കണ്ടത് ശൈലിയും വാക്യഘടനയുമായിരുന്നു. ഈ പ്രത്യേക ഗദ്യശൈലിക്ക് നാലപ്പാടനോടും, കുട്ടികൃഷ്ണമാരാരോടും കടപ്പാടുണ്ട്. ഈ ഗദ്യശൈലിയെ പൊന്നാനി ഗദ്യം എന്ന് വിളിക്കാം. കൂട്ടുകൃഷി ഇടശ്ശേരി ഗദ്യത്തിന് ഒരു രൂപകം ആകുന്നുണ്ട് - പഴുതുകളില്ലാതെ കൂട്ടിച്ചേർത്ത ശില്പം എന്ന നിലയിൽ.

"കവികളുടെ ഗദ്യം : സമകാലിക ദൃശ്യം" എന്ന വിഷയമാണ് ശ്രീ. കെ. എസ്. രവികുമാർ തന്റെ പ്രബന്ധത്തിൽ കൈകാര്യം ചെയ്തത്. ഛന്ദസ്സില്ലാത്ത കവിത സാധാരണമായിരിക്കുന്നു എന്ന് നിരീ

ക്ഷിച്ചുകൊണ്ട് ഗദ്യത്തെയും കവിതയേയും വ്യതിരിക്തമാക്കുന്ന ഘടകങ്ങളെ ശ്രീ. രവികുമാർ അപഗ്രഥിച്ചു. ആർജ്ജവത്തോടെ കാര്യം അവതരിപ്പിക്കുന്ന രീതിയാണ് ഗദ്യത്തിന്റേത്. ഇതിനെ വക്രോക്തികളുടെ സഹായത്തോടെ എങ്ങിനെ കൂടുതൽ വികാരപരം ആക്കാം എന്നതാണ് കാര്യം. ഇത് സാധിച്ച് ഭാഷയെ ഭാവസംവേദനത്തിന്റെ വാഹനമാക്കി മാറ്റാൻ സാധിക്കുന്നത് കവികൾക്കാണ്. വ്യാവഹാരികമായ ഗദ്യരചന പല കവികളും നിർവ്വഹിച്ചിട്ടുണ്ട്. (ഉള്ളൂർ, അയ്യപ്പപണിക്കർ) ഇതിന് വിപരീതമായി തങ്ങളുടെ കവിത്വമുദ്ര ഗദ്യത്തിൽ കൊണ്ടുവന്ന കവികളും ഉണ്ട്. അത്തരം രമ്യഗദ്യം കുറഞ്ഞുവരികയാണ്. ആത്മാർത്ഥതയാണ് ഗദ്യരൂപത്തിന് കാന്തി കൊടുക്കുന്നത് അങ്ങനെയുള്ള ഗദ്യമെഴുതുന്ന കവികളാണ് ആറ്റൂർ രവിവർമ്മ, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയവർ.

ശ്രീ. എൻ. എൻ. കാരശ്ശേരി "കവിത: ഇടശ്ശേരിയുടെ വീക്ഷണത്തിൽ" എന്ന പ്രബന്ധം അവതരിപ്പിച്ചു. അധികമാരും പരാമർശിക്കാത്ത "പൊരിച്ച നഞ്ഞ്" എന്ന ഇടശ്ശേരിയുടെ ചെറുകഥ ഉദാഹരിച്ച് ശ്രീ. കാരശ്ശേരി ഗദ്യഭംഗി അനാവരണം ചെയ്തു. "പാവങ്ങൾ" പരിഭാഷയുടെ സ്വാധീനം ഇടശ്ശേരിയുടെ ഗദ്യത്തിൽ കാണാം. അബ്ദുറഹിമാൻ സാഹിബിനെക്കുറിച്ച് ഇടശ്ശേരി എഴുതിയ മാപ്പിളപ്പാട്ട് സ്മര്യപുരുഷനോടുള്ള ആദരവ് മാത്രമല്ല, കാര്യങ്ങൾ മാറി നിന്ന് കാണാനുള്ള കഴിവ് കൂടി വ്യക്തമാക്കുന്നു. ഗാന്ധിസമോ മാർക്സിസമോ എന്ന് ഇനിയും തീരുമാനമാവാത്ത ചോദ്യത്തിന് ഇടശ്ശേരി തീരുമാനം പറയുന്നില്ലെങ്കിലും രണ്ടിന്റെയും സ്വാധീനങ്ങൾ ആ കവിതയിൽ പ്രകടമാണ്.

## മൂന്നാം ദിവസം 3.2.2006 (Session VIII)
## കവിതയും വ്യക്തിയും

ഇടശ്ശേരിയെ അടുത്തുകണ്ടറിഞ്ഞവരായിരുന്നു ഈ sessionലെ പ്രാസംഗികർ എല്ലാം. സ്വാഗതമാശംസിച്ച ശ്രീമതി. രാധാമണി ഐങ്കലത്ത് തന്റെ ബാല്യകാല സമൃതികളിലെ ഇടശ്ശേരിച്ചിത്രങ്ങൾ സദസ്സുമായി പങ്കിട്ടു. സാരഥ്യം വഹിച്ച ശ്രീ. കെ. പി. രാമനുണ്ണിയുടെ ഇടശ്ശേരിയെ ചുറ്റിയുള്ള ബാല്യകാലസ്മരണകൾ സദസ്യർക്ക് വളരെ കൗതുകവും ഉൾക്കാഴ്ചയും ഏകുന്നതായിരുന്നു. പൊന്നാനിയിൽ തന്റെ വല്യമ്മയുടെ വീട്ടിൽ (പുഷ്പോത്ത്) വ്യവഹാരകാര്യങ്ങളുമായി ഇടശ്ശേരി ഗോവിന്ദൻ നായർ എന്ന വക്കീൽ ഗുമസ്തൻ വന്നിരുന്നത് ശ്രീ. രാമനുണ്ണി ഓർത്തു, അദ്ദേഹത്തിന്റെ തീഷ്ണതയാർന്ന നോട്ടവും. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ഇടശ്ശേരിക്ക് ലഭിച്ച വിവരം ദിനപത്രത്തിൽ നിന്ന് അറിഞ്ഞ വല്ല്യമ്മ, ഇടശ്ശേരിയുടെ അടുത്ത വരവിൽ തന്നെ വളരെ വ്യത്യസ്തമായാണ് അദ്ദേഹത്തെ സ്വീകരിച്ചത്. സിംഗപ്പൂരിൽ നിന്ന് കൊണ്ടുവന്ന വിശേഷതയാർന്ന കപ്പിൽ ചായ സൽക്കരിച്ച ആ വല്ല്യമ്മ, ഇടശ്ശേരിയോടുള്ള ആഹ്ലാദകരമായ ആദരവ് പ്രകടിപ്പിച്ചതും ശ്രീ. രാമനുണ്ണി ഓർത്തു. ഇടശ്ശേരിയാകട്ടെ വിശേഷിച്ചൊന്നും സംഭവിക്കാത്തമട്ടിൽ ചിരിച്ചുകൊണ്ട് ആ ചായ വാങ്ങിക്കുടിച്ചു. എഴുത്ത് = എഴുത്തുകാരൻ എന്നതാണ് പുതിയസങ്കൽപ്പം. വ്യക്തിത്വം പൂർണ്ണമായി എഴുത്തിൽ നിറഞ്ഞുനിന്ന ഇടശ്ശേരിക്ക് ഒളിച്ചുവെക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. വേദനാകരമായ അനുഭവങ്ങളാൽ രൂപപ്പെട്ടതായിരുന്നു ആ ജീവിത വീക്ഷണം. അമ്മക്ക് ഒരു പുതപ്പ് വാങ്ങണം എന്നു മാത്രമായിരുന്നു ജീവിതായോധനത്തിനായി ചെറുപ്രായത്തിൽ ആലപ്പുഴക്ക് പുറപ്പെട്ട ഇടശ്ശേരിയുടെ ആഗ്രഹം. പിന്നീട് കോഴിക്കോടായിരുന്ന കാലം വേദാന്തത്തിന്റെ അന്തരീക്ഷമൊക്കെ ഉണ്ടായിരുന്നു. ഇടശ്ശേരിയുടെ വാക്കിൽ, "വേണമെങ്കിൽ നന്നാകാമായിരുന്നു", പക്ഷേ ഇടശ്ശേരി ജീവിതത്തെ സ്നേഹിച്ചു. ജീവിതത്തെ തള്ളിക്കളയുന്ന ഒരു ഏർപ്പാടിനും ഇടശ്ശേരി തയ്യാറായിരുന്നില്ല. ഇടശ്ശേരിയുടെ മാപ്പുകൊടുക്കുന്ന നിലപാടിനേയും, അധികാര സ്വത്തവുമായി ഒരിക്കലും സമരസപ്പെടാത്ത വ്യക്തിത്വത്തേയും പ്രകടമാക്കിയ ഏതാനും ജീവിതസന്ദർഭങ്ങളും ശ്രീ. രാമനുണ്ണി സദസ്സുമായി പങ്കുവെച്ചു.

"ഇടശ്ശേരി : കുടുംബത്തിൽ" എന്ന പ്രബന്ധം അവതരിപ്പിച്ചത് ഇടശ്ശേരിയുടെ മകൻ ശ്രീ. ഹരികുമാർ ആയിരുന്നു. കുടുംബനാഥനായ ഇടശ്ശരിയുടെ ഏതാനും സ്കെച്ചുകൾ അദ്ദേഹം സദസ്സ്യർക്കു കാണിച്ചുകൊടുത്തു. ഗൃഹനാഥൻ എന്നത് ആ ബഹുമുഖ വ്യക്തിത്വത്തിന്റെ ഒരു ഭാഗം ആയിരുന്നു. എല്ലാ തിരക്കിനിടയിലും മക്കളുടെ നിസ്സാരകാര്യങ്ങൾ പോലും ഇടശ്ശേരി ശ്രദ്ധിച്ചിരുന്നു. ഉമ്മറത്തും മുറ്റത്തും ഉലാത്തികൊണ്ട് "എൻ കുഞ്ഞുറങ്ങിക്കൊൾ കെൻകുഞ്ഞുറങ്ങിക്കൊൾ..." പാടി തന്റെ ചുമലിൽ കിടക്കുന്ന കുഞ്ഞിനെ ഉറക്കുന്ന അച്ഛനെ ശ്രീ. ഹരികുമാർ ഓർമ്മിച്ചു. അതു കണ്ടിരിക്കുന്ന മൂത്തകുട്ടികൾ "എന്റേതിന്നലെവരെയാ സ്വർഗ്ഗം" എന്നു നെടുവീർപ്പിട്ടിരുന്നത്രേ! അമ്മ പതിനൊന്ന് പ്രസിവിച്ചെങ്കിലും മൂന്ന് കുഞ്ഞുങ്ങൾ ശൈശവത്തിലേ യാത്ര പറഞ്ഞു. മൂന്നാമത് യാത്രയായ അനിയനെ പറ്റിയുള്ളതായിരുന്നു "പൂജാപുഷ്പം" എന്ന കവിത. മൂന്നു വയസ്സുള്ള തന്നെ മടിയിലിരുത്തി മേശവിളക്കിന്റെ വെളിച്ചത്തിൽ കവിതയെഴുതിയിരുന്ന അച്ഛൻ തന്റെ ആദ്യകാല സ്മരണകളിലൊന്നാണ്. അമ്മയും അച്ഛനും തമ്മിലുണ്ടായിരുന്ന ബന്ധം വളരെ മനോഹരമായിരുന്നു. അമ്മ 30കളിൽ ധാരാളം എഴുതിയിരുന്നു. ടാഗോറിന്റെ "Fruit Gathering" എന്ന കാവ്യം "ഫലാപചയം" എന്ന പേരിൽ തർജ്ജമ ചെയ്ത് "അരുണ"യിൽ പ്രസിദ്ധീകരിച്ചിരുന്നു. ഒരു ലക്കത്തിൽ കവർപേജിന്റെ ഉൾഭാഗത്തും തന്റെ കൃതി അച്ചടിച്ചത് അമ്മക്ക് ഇഷ്ടപ്പെട്ടില്ല;

തർജ്ജമ നിർത്തുകയും ചെയ്തു! ശ്രീ. വർഗ്ഗീസ് കളത്തിൽ അമ്മക്ക് അക്കാലത്ത് വളരെ ഫാഷനായിരുന്ന സ്റ്റേയ്ൻലസ്സ് സ്റ്റീൽ ഗ്ലാസ്സുകൾ സമ്മാനിക്കുകയുണ്ടായി. പിൽക്കാലത്ത് അമ്മ എഴുത്തു നിർത്തിയത് അച്ഛന് സഹായകമായി; അച്ഛന്റെ കവനപ്രകൃയക്ക് അനുകൂലമായ ഗൃഹാന്തരീക്ഷം സൃഷ്ടിക്കാൻ അമ്മക്ക് കൂടുതൽ സമയം കിട്ടി. അമ്മ എഴുത്തു നിർത്തിയതിനെ പറ്റി അച്ഛൻ ഒന്നും എഴുതികണ്ടില്ല. ഒരു പക്ഷേ രണ്ടു വ്യക്തികളും ഒന്നായി മാറുന്ന പ്രക്രിയ ദാമ്പത്യത്തിൽ സാധിച്ചതു കൊണ്ടാവാം ഇത്. മറ്റുള്ളവരെ അകമഴിഞ്ഞു സഹായിക്കുന്ന അച്ഛന്റെ സ്വഭാവം അമ്മ പറഞ്ഞാണ് മക്കൾ മനസ്സിലാക്കിയിരുന്നത്. അച്ഛൻ സഹായിച്ചിരുന്നത് ഒട്ടും ഗതിയില്ലാത്തവരെ ആയിരുന്നു എന്ന് ശ്രീ. ഹരികുമാർ ഓർത്തു. വീട്ടിൽ വളർത്തുന്ന പശുക്കൾ അച്ഛന് സ്വന്തം മക്കളെ പോലെയായിരുന്നു. വൈകുന്നേരം വീട്ടിൽ തിരിച്ചെത്തി അമ്മയോട്, “എടോ നമ്മുടെ മക്കൾക്ക് വല്ലതും കൊടുത്തോ?” എന്ന ചോദ്യത്തിൽ പരാമർശിക്കപ്പെട്ടിരുന്നത് തൊഴുത്തിലെ പശുക്കളായിരുന്നു! അമ്മ വളരെ ലോഭത്തോടെയാണ് വാക്കുകൾ ഉപയോഗിച്ചിരുന്നത്. ഇത് പലപ്പോഴും അച്ഛനും അമ്മയും തമ്മിൽ പിണക്കത്തിന് വഴിവെച്ചിരുന്നു. അമ്മ ക്ഷീണിച്ച് കിടക്കുമ്പോൾ അച്ഛൻ അടുത്തിരുന്ന് “എന്താ ജാനു, വയ്യേ?” എന്ന് ആർദ്രതയോടെ ചോദിച്ചിരുന്നത് ഹരികുമാർ ഓർമ്മയിൽ നിന്ന് എടുത്തത് സദസ്സ്യർക്ക് അനുഭവമായി. അച്ഛന് പെൺമക്കളോട് അധികം സ്നേഹം ഉണ്ടായിരുന്നതായി ഹരികുമാർ അഭിപ്രായപ്പെട്ടു. തന്റെ ചെറുകഥകൾ വായിച്ച് നിർദ്ദേശങ്ങൾ നല്കിയിരുന്നു, പ്രസിദ്ധീകരിക്കാൻ തിടുക്കം അരുത് എന്ന ഉപദേശത്തോടെ. ഒരിക്കൽ ഒരു ഭ്രാന്തനെ പറ്റിയുള്ള കഥ ഹരികുമാർ എഴുതിയത് വായിച്ചുനോക്കി ഇടശ്ശേരി ഉപദേശിച്ചു, “ഇരുട്ടിന്റെ ആത്മാവിൽ” എം. ടി. ഈ വിഷയം എങ്ങിനെയാണ് കൈകാര്യം ചെയ്തതെന്ന് പഠിക്കാൻ. എം. ടി. യെ അച്ഛന് വളരെ ഇഷ്ടമായിരുന്നു. രാത്രികാലങ്ങളിൽ മുറ്റത്തിരുന്ന് അച്ഛനുമായി മക്കൾ വളരെനേരം സംസാരിക്കുന്ന പതിവുണ്ടായിരുന്നു. അച്ഛന്റെ ശാസ്ത്രാഭിമുഖ്യം ആ ചർച്ചകളെ സൗരയൂഥത്തിലേക്കും ലോകോൽപ്പത്തിയിലേക്കും നയിച്ചു. അച്ഛനെ, പക്ഷേ കിട്ടാൻ പ്രയാസമായിരുന്നു എന്ന് ഹരികുമാർ ഓർത്തു. കോടതിയിൽ നിന്ന് മടങ്ങുന്ന വഴി വായനശാല, കലാസമിതി പ്രവർത്തനങ്ങൾ തുടങ്ങിയവക്ക് സമയം വിനിയോഗിച്ച ശേഷമാണ് ഇടശ്ശേരി വീട്ടിൽ എത്തിചേർന്നിരുന്നത്; പലപ്പോഴും വൈകിയിട്ട്: മകന്റെ ഹൃദയത്തിന് എന്തോ നേരിയ പ്രശ്നം ഉണ്ടെന്ന് തോന്നി ദൂരെ ഒരു വൈദ്യന്റെ അടുത്ത് ഹരികുമാറിനെ ഇടശ്ശേരി കൊണ്ടുപോയി. അതീവ ഉൽക്കണ്ഠിതനായിരുന്നു ഇടശ്ശേരി ആ സമയം. സ്നേഹിതർക്ക് ഇടശ്ശേരിയുടെ ജീവിതത്തിൽ ഒരു പ്രധാന പങ്കുണ്ടായിരുന്നു. ജാതിമതഭേദമന്യേ എല്ലാ സ്നേഹിതരേയും കൈനീട്ടി സ്വീകരിച്ചിരുന്ന മനസ്സിന്റെ ഉടമയായിരുന്നു സ്വന്തം അച്ഛൻ എന്ന് സ്മരിച്ചുകൊണ്ട് ഹരികുമാർ ഉപസംഹരിച്ചു.

ശ്രീ. പി. കൃഷ്ണവാരിയർ “ആധാരമെഴുത്തും ജീവിതമെഴുത്തും” എന്ന തന്റെ പ്രബന്ധത്തിൽ ഇടശ്ശേരിയുമായി തനിക്കുണ്ടായിരുന്ന അടുത്ത വ്യക്തിബന്ധത്തെക്കുറിച്ചും, പൊന്നാനിയിലെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഇടശ്ശേരി നായകത്വം നൽകിയതിനെക്കുറിച്ചും സംസാരിച്ചു. നല്ല കൈയ്യക്ഷരം മാത്രം കൈമുതലായി ചെറുപ്രായത്തിൽ ജീവിതത്തിലേക്ക് ചാടിയ ഇടശ്ശേരി തിരസ്കൃതരുടെ ദു:ഖമാണ് തന്റെ കവിതയിലൂടെ ഏറ്റെടുത്തത്. ഇടശ്ശേരി വക്കീൽ ഗുമസ്തനായ സാഹചര്യവും അദ്ദേഹത്തിന് തന്റെ വക്കീൽ ശ്രീ. കെ. വി. രാമൻമേനോനുമായുണ്ടായിരുന്ന ആദർശാധിഷ്ടിതമായ ബന്ധവും ശ്രീ. കൃഷ്ണവാരിയർ സ്മരിച്ചു. തികഞ്ഞ സത്യസന്ധത മുറുകെ പിടിച്ചിരുന്ന ഈ ആധാരെഴുത്തുകാരനെ തേടി ധാരാളം നാട്ടുകാർ വന്നുതുടങ്ങി. അവരിൽ തുടിക്കുന്ന ജീവിതം ഇടശ്ശേരി കവിതയും നാടകവുമാക്കി. ഇടശ്ശേരിയുടെ ജീവിതത്തിലേക്കും കവിതയിലേക്കും വാതിൽ തുറന്നത് തുഞ്ചത്താചാര്യനാണ്. 1952-ലെ മദ്ധ്യവേനലവധിക്ക് കുറ്റിപ്പുറത്ത് ഒരു കവിതാ ക്യാമ്പിലാണ് കൃഷ്ണവാരിയർ ഇടശ്ശേരിയെ കാണുന്നത്. അതൊരു ഗുരുശിഷ്യബന്ധത്തിന്റെ തുടക്കമായിരുന്നെങ്കിലും, ഇടശ്ശേരി ഒരിക്കലും ഗുരു ചമഞ്ഞിരുന്നില്ല. ഇടശ്ശേരി ഒരു ഒറ്റയാൻ സർവ്വകലാശാല ആയിരുന്നു. ഇടശ്ശേരിക്കളരിയെ ഓർമ്മിച്ചു കൊണ്ട്, അന്ന് ഇടശ്ശേരിയുടെ മൂല്യങ്ങൾ ലാളിത്യവും, വിവേകവും പരക്ലേശബോധവുമായിരുന്നു എന്ന് ശ്രീ.കൃഷ്ണവാരിയർ സ്മരിച്ചു. എട്ടാം ക്ലാസുവരെ മാത്രം സ്കൂൾ പഠനം നടത്തിയ ഇടശ്ശേരി സ്വപ്രയത്നത്താൽ സംസ്കൃതവും, ഇംഗ്ലിഷും വശത്താക്കി. ശ്രീ. മാഞ്ഞൂർ പരമേശ്വരൻ പിള്ളയും, കുട്ടികൃഷ്ണമാരാരും സംസ്കൃതത്തിലും, ശ്രീ. നാലാപ്പാട്ട് നാരയണമേനോനും, ശ്രീ. ഇ. പി. സുമിത്രനും ഇംഗ്ലീഷിലും ഇടശ്ശേരിയെ സഹായിച്ചു. ഗ്രാമീണജീവിതം അവസാനിക്കുന്നിടത്താണ് അണുകുടുംബം തുടങ്ങുന്നതെന്ന് ഇടശ്ശേരി മനസ്സിലാക്കി. ഈ അനിവാര്യതയുടെ പശ്ചാത്തലത്തിൽ ഇളംമുറക്കാരെ ചൊല്ലി ഉൽക്കണ്ഠാഭരിതമായിരുന്നു ഇടശ്ശേരിയുടെ പല കവിതകളും. കവിത അദ്ദേഹത്തിന് ജീവിതം തന്നെയായിരുന്നു.

ശ്രീ. എം. എം. നാരായണൻ “ഇടശ്ശേരിയും സാമൂഹികപ്രശ്നങ്ങളും” എന്ന വിഷയമാണ് തന്റെ പ്രബന്ധത്തിനായി സ്വീകരിച്ചത്. സാമൂഹികപ്രശ്നങ്ങൾ ഉണ്ടാകുന്നത് സ്വാർത്ഥവും (വ്യക്തി) പരാർത്ഥവും (സമൂഹം) തമ്മിലുള്ള വൈരുദ്ധ്യത്തിൽ നിന്നത്രേ. വ്യക്തിലാഭം സമൂഹത്തിന് നഷ്ടമായി ഭവിക്കുമ്പോൾ സമൂഹം നായകനും വ്യക്തി പ്രതിനായകനുമാവുന്നു. അത്യന്തം സന്ദേഹിയായ ഇടത്തരക്കാരനാണ് വൈലോപ്പിള്ളിക്കവിതയിലെങ്കിൽ സത്യസന്ധതയോടെ ജീവിതപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഇടത്തരക്കാരനാണ് ഇടശ്ശേരിക്കവിതയിൽ. മൂലധനമോ മനുഷ്യനോ എന്ന

പ്രശ്നത്തിൽ മൂലധനകേന്ദ്രീകൃതമായ വികസനസങ്കൽപ്പത്തെ വിമർശിക്കുകയാണ് "കുറ്റിപ്പുറം പാല"ത്തിൽ. "നെല്ലുകുത്തുകാരി പാറു"വിലാകട്ടെ അടുത്തകാലത്തുമാത്രം മനസ്സിലാക്കപ്പെട്ട, തൊഴിലില്ലാവികസനം എന്ന ഭയാനകതയാണ് ഇതിവൃത്തം. "പണിമുടക്കി"ലാകട്ടെ ജന-ധനവൈരുദ്ധ്യം ആണ് പ്രമേയം - ധനമുള്ള മുതലാളിക്ക് സന്തതികളില്ല, സന്തതികളേറിയ തൊഴിലാളിക്ക് ധനമില്ല. വെക്കാനുതകാത്ത പുത്തൻകലവും കൊയ്ത്തിനുതകാത്ത അരിവാളും സാമൂഹ്യവൈരുദ്ധ്യങ്ങളായി ഇടശ്ശേരി അവതരിപ്പിക്കുന്നു. "കാവിലെ പാട്ടിൽ" പാരമ്പര്യത്തെ വിപ്ലവീകരിക്കുമ്പോൾ, "പുത്തൻ കലവും അരിവാളിലും" വിപ്ലവത്തെ പാരമ്പര്യവൽക്കരിക്കുന്നു.

"ഇടശ്ശേരി: ഒരു ഒത്തമനുഷ്യൻ" എന്നായിരുന്നു ഇടശ്ശേരിയുടെ സമ്പൂർണ്ണ കൃതികളുടെ സമാഹാരം മലയാളത്തിന് കാഴ്ചവെച്ച പ്രൊഫ. കെ. ഗോപാലകൃഷ്ണന്റെ പ്രബന്ധം. സ്നേഹം വറ്റിപ്പോയാൽ ജീവിതം മരുഭൂമിയാകും എന്നും അത് സംഭവിക്കരുത് എന്നും ഇടശ്ശേരി നിഷ്കർഷിച്ചിരുന്നു. വ്യക്തിജീവിതത്തിൽ ഇടശ്ശേരിയെ ഒരൊത്തമനുഷ്യനായി കാണാനുള്ള കാരണങ്ങൾ കവിയുടെ ജീവിതത്തിലെ പല സംഭവങ്ങളും ഉദ്ധരിച്ച് പ്രൊഫ. ഗോപാലകൃഷ്ണൻ വിവരിക്കുകയുണ്ടായി. മക്കൾക്ക് മരുന്നു വാങ്ങാനുള്ള പണം പട്ടിണികിടക്കുന്ന ഒരു കുടുംബത്തിന്റെ അരിക്കാശായത്, സൗഹൃദസന്ദർശനത്തിന് വന്ന മാഞ്ഞൂർ പരമേശ്വരപിള്ളയുടെ കീശയിൽ അദ്ദേഹം അറിയാതെ പണം നിക്ഷേപിച്ചത് എന്നീ സംഭവങ്ങൾ വഴി "ദാരിദ്ര്യമെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ"എന്ന സത്യം ഇടശ്ശേരിയിലൂടെ പ്രകാശിക്കുകയായിരുന്നു. ആദരണീയനായ ശ്രീ. വി. ടി. ഭട്ടതിരിപ്പാടിന് ഇടശ്ശേരി ഒരിക്കൽ വക്കീൽ നോട്ടീസ് അയച്ചത്രേ, വാങ്ങിയ കടം കൃത്യദിവസം തിരിച്ചടക്കാത്തതിന്. പണവുമായി എത്തിയ വി. ടി യുടെ മകനോടൊപ്പം ഇടശ്ശേരി വി. ടി. യെ ചെന്നു കാണുകയും പണം വീണ്ടും തിരിച്ചുകൊടുത്ത് സാഹചര്യം വിശദീകരിക്കുകയും ചെയ്തത്രേ. "മാപ്പിില്ല" എന്നെഴുതിയ കവി തന്റെ പണം തിരുമറി ചെയ്തുവെന്നാരോപിക്കപ്പെട്ട് പോലീസിൽ ഏൽപ്പിക്കപ്പെടുന്ന ഘട്ടത്തിലായ സ്നേഹിതനെ രക്ഷിച്ചതായും കഥയുണ്ട്. ഇതെല്ലാം ഇടശ്ശേരിയെ ഒരൊത്തമനുഷ്യനായി ലോകത്തിന് വെളിവാക്കിയ അനുഭവസാക്ഷ്യങ്ങളായിരുന്നു.